2014 ജൂൺ 10 വാല്യം 07 ലക്കം 11

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

## ചർച്ച് ഓഫ് ഗോഡിന് കേരളത്തിൽ സഭാവളർച്ചയിൽ മുരടിപ്പ്

ഇന്ത്യയിൽ ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിന് ദാർശനീകമായ അടിത്തറയിട്ട കുക്ക് സായ്പിന്റെ 1913 മുതൽ 1950 വരെയുള്ള 37 വർഷത്തെ പ്രവർത്തനം ആവേശഭരിതമായിരുന്നു. 30ൽ കുമ്പനാട് സഹോദരന്മാർ തന്നെവിട്ടുപോയതിനുശേഷം 1936-ൽ കുക്ക് സായ്പ് ചർച്ച് ഓഫ് ഗോഡുമായി ലയിച്ചു. ചർച്ച് ഓഫ് ഗോഡുമായി ലയിക്കുമ്പോൾ “63 മിഷൻ സ്റ്റേഷനുകളിലായി 43 സഭാശുശ്രൂഷകരും 2537 അംഗങ്ങളും മൗണ്ട് സീയോൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്ന വേദാഭ്യാസനശാലയുമുണ്ടായിരുന്നു”. (Charles W.com, like a mighty Army. Page 236). 1936-മുതൽ മിഷനറിമാരുടെ നിയന്ത്രണം ആരംഭിച്ചു. 1940-ൽ എ. ആർ. റ്റി. അതിശയം തന്റെ സ്വതന്ത്രസഭകളോടൊപ്പം ദൈവസഭയുമായി ലയിച്ചു. 1949-ലാണ് ദൈവസഭയുടെ രജിസ്ട്രേഷൻ നടന്നത്. 1947 മുതൽ 1972വരെ സായ്പുമാരുടെ ഭരണമാണ് നേരിട്ടു നടന്നത്. 1952ൽ വില്യം പോസ്പിസിൻ കേരളത്തിലെത്തുകയും 1972 വരെയുള്ള 20 വർഷം ഇന്ത്യയിൽ പ്രവർത്തിക്കുകയും ചെയ്തു. 50 മുതൽ 15 വർഷം ഡോറയും പ്രവർത്തിച്ചു. ഈ കാലഘട്ടങ്ങളിൽ ശക്തമായ പ്രവർത്തനമാണ് നടന്നത്.

1962-ൽ അധികാര വികേന്ദ്രീകരണം നടത്തിയെങ്കിൽ നാട്ടുകാർക്ക് സ്വയംഭരണം ലഭിച്ചിരുന്നില്ല. 1964 മുതൽ തദ്ദേശീയരായ ഓവർസിയർമാരുടെ കീഴിൽ സ്റ്റേറ്റുകളും റീജിയനുകളും ആയി. 1913 മുതൽ 1964 വരെയുള്ള 51 വർഷക്കാലം സുവിശേഷീകരണത്തിനായി നിലം ശരിക്കും ഒരുങ്ങി. സംഘടിത രൂപം പ്രാപിച്ച് സഭ ഒരു കേഡർ സിസ്റ്റത്തിലേക്ക് വന്നപ്പോൾ സഭാ വളർച്ച മന്ദഗതിയിലായി. 1972 വരെ ദൈവസഭയ്ക്ക് അഖിലേന്ത്യാതലത്തിൽ 340 സഭകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ 87 എണ്ണം കേരളത്തിലായിരുന്നു. 1977ൽ പാസ്റ്റർ എ. വി. ഏബ്രഹാം വിരമിക്കുമ്പോൾ 118 സഭകൾ ഉണ്ടായിരുന്നു. ആറുവർ

08



പരമ്പര **കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?**



ഇന്ത്യയുടെ പുതിയ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. നരേന്ദ്ര മോദിയ്ക്ക് ബിലീവേഴ്സ് ജേണലിന്റെ ആശംസകൾ. ഭാരതത്തിന്റെ യശസ്സ് ലേകമെമ്പാടും എത്തിക്കുവാനും രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുവാനും പുതിയ പ്രധാനമന്ത്രിക്ക് ഇടയാകട്ടെ എന്ന് സർവ്വശക്തനോട് പ്രാർത്ഥിക്കുന്നു. ഭാരതത്തിന്റെ ഐക്യതയും അഖണ്ഡതയും മതേതരത്വവും കാത്തുസൂക്ഷിക്കുന്ന ഭരണം കാഴ്ച വെയ്ക്കുവാൻ സാധ്യമാകട്ടെ.

# അസംബ്ലീസ് ഓഫ് ഗോഡ്, ശാരോൻ കോൺഫറൻസ് ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ

## അസംബ്ലീസ് ഓഫ് ഗോഡ്



റവ. കെ. ഒ. ജോൺസൺ
കൺവീനർ



ബ്രദ. ജോർജ്ജ് ഏബ്രഹാം
സെക്രട്ടറി



ബ്രദ. മാത്യു തോമസ്
ട്രഷറർ



റവ. ജൂലിയസ് സുബി

**ഒക്കലഹോമ:** അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്തമേരിക്ക 18-ാമത് കോൺഫറൻസ് ജൂലൈ 17-20 ഒക്കലഹോമയിൽ നടക്കും. റവ. കെ. എം. ജോൺസൺ (കൺവീനർ), റവ. കെ. സി. ജോൺ (ജോ. കൺവീനർ), ബ്രദർ ജോർജ്ജ് ഏബ്രഹാം (സെക്രട്ടറി), ബ്രദർ പി. എസ്. ഫിലിപ്പ് (ജോ. സെക്രട്ടറി), ബ്രദർ മാത്യു തോമസ് (ട്രഷറർ), ബ്രദർ റോബിൻ ജോൺ (യൂത്ത് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള നാഷണൽ കമ്മറ്റിയാണ് കോൺഫറൻസിന് നേതൃത്വം നൽകുന്നത്. റവ. ജൂലിയസ് സുബി, ഡോ. മാത്യു ജോർജ്ജ്, റവ. ഏബ്രഹാം തോമസ്, റവ. റ്റി. ജെ. ശമുവേൽ, ബ്രദർ പി. എസ്. ഫിലിപ്പ്, സിസ്റ്റർ സാറാ കോവൂർ തുടങ്ങിയവർ പ്രസംഗിക്കും. ഒക്കലഹോമയിലെ റീഡ് കൺവൻഷൻ സെന്ററിൽ നടക്കുന്ന കോൺഫറൻസ് തീം ‘ദൈവത്തെ അന്വേഷിക്കുന്ന തലമുറ’ സങ്കീർത്തനം 24:6.

## ശാരോൻ ഫെലോഷിപ്പ്



പാ. ജോൺ തോമസ്
പ്രസിഡന്റ്



വർഗീസ് ജേക്കബ്
സെക്രട്ടറി



പാ. രാജു ജോൺ
ട്രഷറർ



റവ. വില്യം ലീ

**ചിക്കാഗോ:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ 13-ാമത് നോർത്തമേരിക്കൻ കോൺഫറൻസ് ജൂൺ 19-22 വരെ 540567th Street, Kenosha, WI 53142 -ൽ നടക്കും. ജീവനുള്ള യാഗം (റോമർ 12:2) എന്നതാണ് കോൺഫറൻസ് തീം. പാസ്റ്റർ ജോൺ തോമസ് (പ്രസിഡന്റ്), റവ. ജോൺ പീറ്റർ

07

## സാക്ഷി



ഗുരുതരമായ വിഷയങ്ങൾക്ക് മുൻഗാമി പുറത്താക്കിയ പാസ്റ്ററെ ഉപാധികൂടാതെ (കൗൺസിലിന്റെ അനുമതിയില്ലാതെ) നേതാവ് തിരിച്ചെടുത്തു.

*വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ. മത്തായി 24:15*

## പ്രധാനമന്ത്രി മോദിക്ക് ആശംസകളുമായി ക്രൈസ്തവ സംഘടനകൾ

### പ്രകാശ് പി. കോശി

ഓൾ ഇന്ത്യാ ക്രിസ്ത്യൻ കൗൺസിലാണ് പ്രധാനമന്ത്രി മോദിക്ക് ആശംസയുമായി എത്തിയ ആദ്യത്തെ ക്രൈസ്തവസംഘം. ഇവരുടെ പത്രക്കുറിപ്പ് പ്രകാരം നരേന്ദ്രമോദിയുടെ വികസനത്തിലധിഷ്ഠിതമായ തിരഞ്ഞെടുപ്പ് പ്രചരണവും ശരിയായ നിലയിൽ ഉള്ളതായിരുന്നു. കാരണം ഭൂരിഭാഗം ഭാരതീയരും ഇന്ത്യയുടെ വികസനത്തെപ്പറ്റി ആശങ്കയുള്ളവരായിരുന്നു. ജാതിമത ഭേദമെന്യേ വികസനത്തിനുവേണ്ടി ഇന്ത്യൻ ജനത മോദിയെ പിന്തുണച്ചു. 10 കോടിയധികം വരുന്ന പുതിയ വോട്ടർമാർ പുതിയ തൊഴിലവസരങ്ങൾക്കുവേണ്ടിയും സാമ്പത്തികരംഗത്തെ ഉണർവിനുവേണ്ടി മോദിക്ക് വോട്ട് ചെയ്തു. ഈ പുതിയ വോട്ടർമാരിൽ എല്ലാമത വിഭാഗക്കാരും ഉൾപ്പെടും. വിലക്കയറ്റവും സാമ്പത്തിക മാന്ദ്യവും നഗര/ഗ്രാമമേഖലയിലുള്ള ജനങ്ങളെ നിരാശപ്പെടുത്തി. ഒരു പുതിയ ബദലിനായി അവർ ബി. ജെ. പിക്ക് വോട്ടു ചെയ്തു.

മോദിയുടെ പുതിയ ഗവൺമെന്റ് എല്ലാവിധ ജനവിഭാഗങ്ങളെയും വിശ്വാസത്തിലെടുത്ത് ഭാരത നിർമ്മാണം എന്ന വലിയ ദൗത്യത്തിനായി പൊരുതും എന്ന് വിശ്വസിക്കുന്നു.

സങ്കുചിത മനോഭാവക്കാരേയും തീവ്രനിലപാടുകാരേയും മാറ്റി നിർത്തി, ഇന്ത്യയിൽ അടിക്കടി ഉണ്ടാകുന്ന ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾക്ക് മോദി ഗവൺമെന്റ് തടയിടും എന്ന് ക്രൈസ്തവർ ആശിക്കുന്നു. ഇന്ത്യയിലെ ക്രൈസ്തവർ വിദേശിയരോ, ദേശ വിരുദ്ധരോ അല്ല. ക്രൈസ്തവരുടെ ശാന്തി പൂർവ്വമുള്ള ജീവിതവും വിശ്വാസ അനുഷ്ഠാനങ്ങളും തുടർന്നും തടസമില്ലാതെ മുന്നോട്ട് കൊണ്ടുപോകണം എന്ന് വിശ്വാസികൾ പ്രതീക്ഷിക്കുന്നു.

ദേശീയ സഭാകൗൺസിലും മോദിക്ക് ആശംസ അറിയിച്ചു. ദേശീയ സഭാ കൗൺസിലി (NCCI), ന്റെ പത്രകുറിപ്പ് പ്രകാരം, ഇന്ത്യയിലെ ക്രൈസ്തവർ മോദിയുടെ പുതിയ ഗവൺമെന്റിന്റെ നീതിയിലും സത്യത്തിലും അധിഷ്ഠിതമായ ഭാരതനിർമ്മാണത്തിൽ പങ്കാളികൾ ആകും എന്ന് സൂചിപ്പിക്കുന്നു.

“ഞങ്ങൾ നീതിയിൽ അധിഷ്ഠിതമായ സമാധാനത്തിനുവേണ്ടി നിലകൊള്ളുന്നു. പുതിയ ഗവൺമെന്റിന്റെ എല്ലാ ആശയങ്ങളേയും പ്രമേയങ്ങളെയും പ്രൊജക്ടുകളേയും നീതി

09

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം



**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ



**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ക്രിമിനലുകളെ മഹത്വവൽക്കരിക്കുന്നത് പൈശാചിക തന്ത്രം




ഇന്ന് നമ്മുടെ സമൂഹത്തിൽ ക്രിമിനലുകൾ അംഗീകൃത വിഭാഗമായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലുമെല്ലാം ക്രിമിനലുകളുടെ എണ്ണം വളരെ കൂടിയിരിക്കുന്നു എന്നാണ് വിവിധ റിപ്പോർട്ടുകളിൽ കാണുന്നത്. ജനപ്രതിനിധികളിൽ പോലും കൊടും കുറ്റവാളികൾ ഉണ്ട് എന്ന റിപ്പോർട്ടുകൾ നാം തെരഞ്ഞെടുപ്പുകാലത്ത് വായിച്ചതാണ്. ഒരു കാലത്ത് കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരെ അറപ്പോടും വെറുപ്പോടും കാണുന്ന സമൂഹമായിരുന്നു മലയാളികളുടേത്. സോളാർ തട്ടിപ്പു കേസിലെ പ്രതി സരിത നായർ ചെന്ന പല സ്ഥലങ്ങളിലും അവരുടെ ഓട്ടോഗ്രാഫ് വാങ്ങുവാൻ ജനം തടിച്ചുകൂടിയെന്ന വാർത്ത പത്രങ്ങളിൽ വന്നതാണ്. സരിത നായരെ നായികയാക്കി സിനിമ നിർമ്മിക്കുന്നു എന്ന വാർത്ത വന്നതിനുപിന്നാലെ കേരളത്തിലെ ഒരു വാരികയുടെ മുഖചിത്രമായും സരിതയെത്തി. നമ്മുടെ സമൂഹത്തിനു വന്ന മാറ്റമാണ് ഇതെല്ലാം കാണിക്കുന്നത്. ജീവിതമൂല്യങ്ങൾക്ക് പ്രാധാന്യം നൽകാതെ എങ്ങനെയും പണക്കാരനാകുക, ജീവിതം ആസ്വദിക്കുക ഇതുമാത്രമായിരിക്കുന്നു ലക്ഷ്യം.

വ്യത്യസ്തസമൂഹമായി ജീവിതംകൊണ്ടും ഉപദേശം കൊണ്ടും ആരാധനകൊണ്ടും മറ്റുള്ളവർ അംഗീകരിച്ച സമൂഹമായിരുന്നു പെന്തെക്കോസ്ത്. പുകവലി, മദ്യപാനം, സിനിമ, നാടകം തുടങ്ങിയവയൊക്കെ വർജ്ജിച്ചും കോടതിയും വ്യവഹാരവും ഒഴിവാക്കിയും ആഢംബരം ഇല്ലാതെ ലളിത ജീവിതം നയിച്ച സമൂഹമായിരുന്നു അത്. എന്നാൽ ഇതെല്ലാം ഇന്ന് അന്യം നിന്നിരിക്കുന്നു എന്നത് ദുഃഖകരമായ വസ്തുത. വിവാഹമോചനം കേട്ടുകേൾവിപോലുമില്ലാതിരുന്ന സമൂഹമായിരുന്നു പെന്തെക്കോസ്ത്. ഗുണ്ടായിസമോ മാഫിയാ ബന്ധങ്ങളോ ഇല്ലാതെ ദൈവാശ്രയം ഉള്ള ഒരു സമൂഹം. എന്നാൽ ഇതെല്ലാം ഒരു കാലത്ത് അനുഭവമായിരുന്ന വസ്തുതകൾ മാത്രമായിരിക്കുന്നു. പെന്തെക്കോസ്ത് സമൂഹം ഇന്ന് കുറ്റവാളികളും സാമൂഹ്യവിരുദ്ധരും ചേക്കേറുന്ന ഇടമായിരിക്കുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗുണ്ടായിസവും മാഫിയാ ബന്ധവും ഉള്ളവർ ധാരാളം ഇന്ന് പെന്തെക്കോസ്തിൽ ചേക്കേറിയിരിക്കുന്നു എന്നതാണ് വാസ്തവം. സഭാഹാളുകൾ കൈയ്യേറുക, ആരാധനാസ്ഥലം അടിച്ചുതകർക്കുക ഇതൊക്കെ പെന്തെക്കോസ്തിലെ പതിവ് കാഴ്ചകളായിരിക്കുന്നു. സഭാഹാളിൽ അടിയുണ്ടാക്കുന്നവരെ സംരക്ഷിക്കുകയും അവർക്കുവേണ്ടി കൗൺസിലുകളിൽ വാദിക്കുകയും ചെയ്യുവാൻ നേതാക്കന്മാർ മത്സരിക്കുകയാണ്. കാരണം ഇക്കൂട്ടർ നൽകുന്ന പണം പോക്കറ്റിലിടുവാൻ ഉളുപ്പില്ലാത്ത നേതാക്കന്മാരാണ് ഇവിടെ ഭരിക്കുന്നത്. തന്റെ നേതാവിനെതിരെ സ്ത്രീപീഢനകഥകൾ പരസ്യമായി സെക്കുലർ ചാനലുകളിലൂടെ വെളിപ്പെടുത്തുന്ന സഭാശുശ്രൂഷകന്റെ കാഴ്ചയ്ക്ക് കേരളം കഴിഞ്ഞാഴ്ച സാക്ഷിയായി. തന്റെ സഭാഹാൾ അടിച്ചുതകർത്തിരിക്കുന്ന കാഴ്ചയും ചാനലുകാർ മലയാളികളെ കാണിച്ചു. എന്തായാലും പെന്തെക്കോസ്ത് ഇപ്പോൾ പൊതു സമൂഹത്തിന് കോമഡിയായി മാറിയിരിക്കുന്നു. ഇലക്ഷൻ കാലത്ത് ഉളുപ്പില്ലാതെ പക്ഷം പിടിച്ച് രാഷ്ട്രീയക്കാരോട് കാശുവാങ്ങുന്ന എത്രയോ ഉപദേശിമാർ ഇവിടെയുണ്ട്.

ഇന്ന് പെന്തെക്കോസ്ത് സഭകളെ ഭരിക്കുന്നത് പണമാണ് എന്നതിന് സംശയമില്ല. കാരണം പണമില്ലാത്തവൻ ഇവിടെ പിണമായി മാറുന്നു. അതാണ് ഇവിടെ കണ്ടുവരുന്നത്. തെറ്റുചെയ്തവന് ഹോശന്നാ പാടാനും അവനെ കൊണ്ടുനടക്കുവാനും മത്സരിക്കുന്ന പെന്തെക്കോസ്തുകാർ മറക്കുന്നത് ധാർമ്മികമൂല്യങ്ങളാണ്. തെറ്റുചെയ്തവന് മാനസാന്തരപ്പെടാനുള്ള അവസരമാണ് കൊടുക്കേണ്ടത്. അല്ലാത്തകാലത്തോളം അവൻ കൂടുതൽ അപകടകാരിയായി മാറുകയേ ഉള്ളൂ. യാതൊരു ഉളുപ്പുമില്ലാതെ ഇത്തരക്കാരുടെ തോളിൽ കൈയിട്ടുനടക്കുന്ന പതിവ് നേതാക്കന്മാർ അവസാനിപ്പിച്ചിരുന്നെങ്കിൽ. അത്തരം ഒരു ദർശനം അവർക്കു കിട്ടിയിരുന്നെങ്കിൽ പെന്തെക്കോസ്തുസമൂഹം രക്ഷപ്പെട്ടേനെ. കുറ്റവാളികളെ മഹത്വവൽക്കരിക്കുന്ന ഇടപാടുകൾ പെന്തെക്കോസ്തിന് ഭൂഷണമല്ല. അത് പൈശാചികമാണ്.

**മാതാപിതാക്കൾ അറിയാൻ**

# കുടുംബപ്രാർത്ഥനകൾ.... കുഞ്ഞുങ്ങളുടെ പങ്കാളിത്വം



**ബിനു ജോസഫ് വടശ്ശേരിക്കര**

കുടുംബപ്രാർത്ഥനകൾ ജീവിതത്തിന്റെ ഭാഗമാക്കിയ കുഞ്ഞുങ്ങൾ അത് ജീവാന്ത്യം വരെയും നിലനിർത്തും 'ഒരുമിച്ച് പ്രാർത്ഥിക്കുന്ന വീടുകൾ ഒരുമയോടെ നിൽക്കുന്നു' എന്നതും മറക്കരുത്. ഒരുപക്ഷേ ഒരു 20–30 വർഷം മുമ്പ് ക്രൈസ്തവ ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥനകൾ ഉയരുന്നത് ഒരു ദിനചര്യയുടെ ഭാഗമായിരുന്നു, എന്നാൽ ഇന്നത് ഒരു ഷോയോ, ചടങ്ങുകകളോ ആയി മാറിയിരിക്കുന്നു. യാത്രക്കിടയിൽ എവിടെയോ എത്തിയപ്പോൾ അതിരാവിലെ കുടുംബമായി പ്രാർത്ഥിക്കുന്ന ഒരു വീട്ടിലെത്തി. മാതാപിതാക്കളും മകനും കുടുംബവും കുഞ്ഞുങ്ങളും ഒരുമിച്ചുള്ള പ്രഭാത പ്രാർത്ഥന അവർക്ക് നൽകുന്ന ഊർജ്ജം വളരെ വലുതാണ്.

**പ്രാർത്ഥനകളിലെ ബാലപങ്കാളിത്വം**

കുടുംബപ്രാർത്ഥനകളിൽ കുട്ടികൾക്കുള്ള പങ്ക് എന്താണെന്നതും ചിന്തനീയമാണ്. ചില വീടുകളിൽ കുടുംബപ്രാർത്ഥന പോലും പ്രായമുള്ളവരുടെ മാത്രം കുത്തകയായി തീർന്നിരിക്കുന്നു. കുട്ടികൾക്കുള്ള പങ്ക് അവസാനം 'ആമേൻ' പറയുക മാത്രം. സന്ധ്യാ പ്രാർത്ഥനകളിൽ കുട്ടികളുടെ പങ്കാളിത്വം വർദ്ധിപ്പിക്കണം. പ്രാർത്ഥനകൾക്കും, പാട്ടുകൾ പാടുവാനും, ദൈവവചനം വായിക്കുവാനും കുഞ്ഞുങ്ങൾക്ക് അവസരം നൽകണം.

ദൈവവചനം മനഃപാഠമാക്കാൻ എല്ലാ ദിവസവും കുഞ്ഞുങ്ങൾക്ക് സമയം നൽകണം. കുഞ്ഞുങ്ങൾ പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടതും അവരുടെ വിശ്വാസം രൂഢമൂലമാകേണ്ട ഈ പ്രായത്തിലാണ്, അതും സ്വന്തഭവനങ്ങളിൽ തന്നെ അതിനുള്ള പരിശീലനം ഉണ്ടാകണം.

**കുഞ്ഞുങ്ങളുടെ പ്രാർത്ഥന**

കുഞ്ഞുങ്ങളുടെ പ്രാർത്ഥനകൾ രസകരവും ചിന്തനീയുമായിരിക്കാം. അവരുടെ പ്രാർത്ഥനകളിലെ ഗ്രാമറോ, അക്ഷരസ്ഫുടതയോ, വിക്കുകളിലെ കൃത്യതയോ വിലയിരുത്തേണ്ട ആവശ്യമില്ല, ലഘുവാണെങ്കിലും പ്രാർത്ഥനകൾ ഹൃദയത്തിൽ നിന്നാകാം വരുന്നത്. ഒരു പക്ഷേ മുതിർന്നവരുടെ പ്രാർത്ഥനയെക്കാൾ വേഗത്തിൽ സ്വർഗ്ഗത്തിലെത്തുന്നതും കുഞ്ഞുങ്ങളുടെ പ്രാർത്ഥനകൾ ആകാം. പ്രായത്തിനനുസരണമായി പ്രാർത്ഥനകൾ നവീകരിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കുന്നതിൽ തെറ്റില്ല. വിശ്വാസം പ്രാർത്ഥനയുടെ കേന്ദ്രബിന്ദുവായിരിക്കണം. "പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന യേശുവുണ്ടെന്ന ബോധ്യം അവരിൽ പകരണം". അവരുടെ ആവശ്യങ്ങൾ യഥാക്രമം സാധിച്ചുകൊടുക്കാൻ വ്യഗ്രതപ്പെടാതെ, ദൈവസന്നിധിയിൽ പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടാൽ അത് അവരുടെ വിശ്വാസം വർദ്ധിപ്പിക്കും. പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമ്പോൾ അത് കുഞ്ഞുങ്ങളെ ഓർമ്മപ്പെടുത്താനും ഉത്സാഹിക്കണം.

**പ്രാർത്ഥനാസമയം പങ്കിടലിന്റെ സമയം**

കുടുംബപ്രാർത്ഥനകൾ പോലെ ആകരുത്. പ്രാരംഭത്തിൽ പകലത്തെ സ്കൂൾയാത്ര/ പഠനം ഇവയെപറ്റി പങ്കിടാനുള്ള അവസരം കുഞ്ഞുങ്ങൾക്ക് നൽകണം. മുതിർന്നവരും ദൈവവഴികളെ പറ്റി പങ്കിടുന്നത് നന്നാണ്. അതിലുപരിയായി ദൈവം നടത്തിയ വഴികളെ പറ്റി കുഞ്ഞുങ്ങൾക്ക് പറഞ്ഞു കൊടുക്കണം. ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും, ദൈവം തന്ന ജീവിതത്തിന്റെ വിലയും കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം. ടി വി ചാനലുകൾ ആകരുത് കുടുംബപ്രാർത്ഥനകളെ നിയന്ത്രിക്കുന്നത്.

പതിവായി 8 മണിക്ക് പ്രാർത്ഥിക്കുവാൻ കുഞ്ഞുങ്ങളെ നിർബന്ധിക്കുന്ന മാതാവിന്റെ ഉത്തരവാദിത്വബോധം ഗൾഫിൽ നിന്നെത്തിയ ഭർത്താവിനെ സന്തോഷം നൽകി. എന്നാൽ 8.30ന് പ്രാർത്ഥന സമാപിച്ചപ്പോഴാണ് 8 മണിക്ക് നിർബന്ധമായും പ്രാർത്ഥിക്കുന്നതിന്റെ രഹസ്യം ഭർത്താവിന് പിടികിട്ടിയത്. 8.30 ന് ആരംഭിക്കുന്ന ടി.വി പരിപാടി കാണാനുള്ള ഉത്സാഹമായിരുന്നു പ്രാർത്ഥനയിലെ കൃത്യതയുടെ രഹസ്യം.

**വീടുകൾ പ്രാർത്ഥനാലയം**

1 ശമു. 2: 26–ൽ ശമുവേൽ ബാലൻ യഹോവയുടെ ആലയത്തിൽ വളർന്നു എന്ന് നാം വായിക്കുന്നു. യഹോവയുടെ സന്നിധിയിൽ വളർന്നതിനാലാണ് ശമുവേലിനെ യഹോവ അറിഞ്ഞത്. ദൈവാലയത്തിൽ ആണെങ്കിലും ഏലിയുടെ മക്കൾ ദൈവത്തിന് എതിരായാണ് വളർന്നുവന്നത്. കുഞ്ഞുങ്ങൾ അനുഗ്രഹിക്കപ്പെടണമെങ്കിൽ അവരെ നാം ദൈവാലയത്തിൽ വളർത്തണം. മറ്റൊരർത്ഥത്തിൽ നമ്മുടെ വീടുകൾ ദൈവാലയമായിമാറണം. ഇന്ന് പല വീടുകളും സിനിമ/ സീരിയൽ തീയേറ്ററുകൾ ആയിമാറിയിരിക്കുന്നു. മറ്റ് ചില വീടുകൾ കലാപകേന്ദ്രങ്ങളായോ, കലഹഗൃഹങ്ങളായോ മാറിയിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ വളരുന്ന കുഞ്ഞുങ്ങൾ കണ്ടതും കേട്ടതും ജീവിതത്തിന്റെ ഭാഗമാക്കിമാറ്റും.

കുടുംബത്തിൽ നിത്യേന കലഹമാണെങ്കിൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾ സ്വഭ

04

**അറിയിപ്പ്**

സ്ഥലംമാറ്റമുള്ള ശുശ്രൂഷകന്മാർ മേൽവിലാസമാറ്റം ഓഫീസിൽ അറിയിക്കേണ്ടതാണ്. ധാരാളം മാസികകൾ മടങ്ങിവരുന്നതിനാൽ അങ്ങനെയുള്ള വരിക്കാർക്ക് തുടർന്ന് പത്രം അയയ്ക്കുന്നതല്ല. വരിസംഖ്യ അടയ്ക്കാത്തവർ എത്രയും വേഗം വരിസംഖ്യ അടയ്ക്കേണ്ടതാകുന്നു. അഡ്രസ് ലിസ്റ്റ് പുതുക്കുന്നതിനാൽ കുടിശിക തീർക്കാത്തവരുടെ അഡ്രസ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്. മാന്യവായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

മാനേജർ
ബിലീവേഴ്സ് ജേണൽ

– തുടർച്ച 17 –

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

യേശുക്രിസ്തുവിന്റെ ഗിരി പ്രഭാഷണത്തിൽ പറഞ്ഞത്, ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ. അവർ ദൈവത്തെ കാണും മത്താ: 5–8, പൗലോസ് ശ്ലീഹ പറയുന്നത്: നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണ് 1കൊരി: 3:16, ഈ മന്ദിരത്തിൽ ആവസിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്, പരിശുദ്ധിയുള്ള ഹൃദയങ്ങളിൽ മാത്രമേ പരിശുദ്ധനായ ദൈവത്തിന്റെ ആത്മാവ് സ്ഥിരവാസം ചെയ്യുകയുള്ളു. അപ്പോൾ ഹൃദയത്തെ എത്രമാത്രം വിശുദ്ധിയിലും നിർമ്മലതയിലും കാത്തുസൂക്ഷിക്കേണ്ടതാണ്. ശുദ്ധമായ ഹൃദയത്തിലൂടെ മാത്രമേ ശുദ്ധമായ ചിന്തകളും ആലോചനകളും ഉണ്ടാകുകയുള്ളു. കെട്ടിക്കിടക്കുന്ന ജലം അശുദ്ധമാണ്. എന്നാൽ ഒഴുകുന്ന ജലം ശുദ്ധമാണ്. ഇതുപോലെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ നൽകുന്ന ദൈവീക സന്ദേശങ്ങൾ മറ്റുള്ളവരിലേക്കു പകരിമ്പോഴാണ് ഹൃദയം ശുദ്ധമാകുന്നത്. ഒരുവന് അവന്റെ ഹൃദയവിചാരങ്ങൾക്കനുസരിച്ച് മാത്രമേ സംസാരിക്കുവാനും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയു. പൗലോസ് ഉപദേശിക്കുന്നത് ശുദ്ധമായ ഹൃദയം എപ്പോഴും ഉണ്ടാകുക എന്നതാണ്.

**പ്രസംഗക്കുറിപ്പ്**
മനസ്സാക്ഷി : റോമ : 2 : 15
1) ബലഹീന മനസ്സാക്ഷി- 1കൊരി : 8 : 7
2) മലിന മനസ്സാക്ഷി – 1കൊരി: 8: 7
3) ദുർമനസ്സാക്ഷി- എബ്രാ: 10 : 22
4) ഉണങ്ങിയ മനസ്സാക്ഷി- 1തിമെ : 4 : 2
5) നിർമ്മലമനസാക്ഷി – 2തിമെ : 1 : 4
6) നല്ലമനസ്സാക്ഷി – 1തിമെ : 1: 5, 1പത്രോ : 3 : 16
7) മനോഹരമായമനസ്സാക്ഷി – എബ്രാ : 13 : 18

**നല്ല മനസ്സാക്ഷി –** ദൈവം സൃഷ്ടിച്ച മനുഷ്യനിൽ മാത്രമായി കാണുന്ന ദൈവദത്തമായ ധാർമ്മികബോധമാണ് മനസ്സാക്ഷി. നാം ശരിയായത് പ്രവർത്തിക്കുമ്പോൾ നമ്മെ അംഗീകരിക്കുന്നതും തെറ്റായത് പ്രവർത്തിക്കുമ്പോൾ കുറ്റപ്പെടുത്തുന്നതുമായ ഏതോ ഒന്ന് ഏതൊരു മനുഷ്യന്റേയും ഹൃദയാന്തർഭാഗത്തുണ്ട്. അതിനെയാണ് മനസ്സാക്ഷി എന്നു പറയുന്നത്. മനസ്സാഷി എന്ന വാക്ക് "കോൺ" "സ്കിയോ" എന്നി രണ്ടു ലാറ്റിൻ പദങ്ങളുടെ സംയോജനമാണ്, ഇതിനെ കോൺഷ്യൻസ് എന്നും "ഒന്നായി അറിയുക, അറിഞ്ഞിരിക്കുക" എന്നാണർത്ഥം. വ്യക്തിപരമായി പറഞ്ഞാൽ നമ്മോടുക്കൂടെ അറിയുക, നമ്മിൽത്തന്നെ അറയുക എന്ന് ചുരുക്കം. മനസ്സാക്ഷി എന്ന പദം പുതിയനിയമത്തിൽ 32 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്, ഇതിൽ പൗലോസ് 21 പ്രാവശ്യം പ്രസ്തുതപദം ഉപയോഗിച്ചിട്ടുണ്ട്. മൂലഭാഷയായ ഗ്രീക്കിൽ "സുനൈഡെയ്സ്" എന്നാണ്. അതിന്റെ അർത്ഥം എന്നെ തന്നെ അറിയുക, അപ്പോൾ മനസ്സാക്ഷി എന്നു പറഞ്ഞാൽ എന്നെത്തന്നെ അറിയുവാൻ എന്നിൽ പകർന്നിരിക്കുന്ന ആന്തരീകമായ പരിജ്ഞാനമാണ് മനസ്സാക്ഷി. ധാർമ്മികജീവികളല്ലാത്ത മൃഗങ്ങൾക്ക് ഇത് നൽകിയിട്ടില്ല. ദൈവത്തിനോ ദൈവദൂതൻമാർക്കോ മനസ്സാക്ഷിയുടെ ആവശ്യമില്ല. എന്നാൽ ധാർമ്മികതയെ വിവേചിക്കുവാൻ മനുഷ്യൻ നിർബന്ധിതനാകുന്നതിനാൽ അവന് തന്റെ മനസ്സാക്ഷി എപ്പോഴും ഉപയോഗിക്കേണ്ടിവരുന്നു.

മനുഷ്യരുടെ മനസ്സാക്ഷിയാണ് തെറ്റും ശരിയും മനസ്സിലാക്കുവാൻ സഹായിക്കുന്നത്. പ്രസിദ്ധ ജർമ്മൻ തത്വശാസ്ത്രജ്ഞൻ പറഞ്ഞിരിക്കുന്നത്, മനുഷ്യമനസ്സിനെ എന്നും അത്ഭുതപ്പെടുത്തുന്നതും ഭയഭക്തിയുളവാക്കുന്നതുമായ രണ്ട് യാഥാർത്ഥ്യങ്ങളാണ് താരനിബിഢമായ ആകാശഗംഗയും മനുഷ്യമനസ്സിൽ കുടികൊള്ളുന്ന ധാർമ്മിക പ്രമാണവും, അപ്പോൾ മനുഷ്യഹൃദയത്തിൽ ദൈവം വച്ചിട്ടുള്ള മാനദണ്ഡപ്രകാരം മനുഷ്യരുടെ പ്രവർത്തികൾ ശരിയോ തെറ്റോ എന്നു മനുഷ്യനെ ബോധ്യപ്പെടുത്തുവാൻ ദൈവം മനുഷ്യർക്ക് തന്നിട്ടുള്ള ആന്തരീകമായ കഴിവാണ് തത്വത്തിൽ മനസ്സാക്ഷി. നമ്മുടെ സംസാരഭാഷയിൽ ഉപയോഗിക്കുന്നതാണ് അവന്റെ മനസ്സാക്ഷി നഷ്ടപ്പെട്ടുപോയി, മരവിച്ചുപോയി എന്നിങ്ങനെ. അതിന്റെ അർത്ഥം ശരി ഏത് തെറ്റ് ഏത് എന്നു തിരിച്ചറിയുവാനുള്ള കഴിവില്ലയെന്നു ചുരുക്കം. നല്ല മനസ്സാക്ഷി നമ്മെ കുറ്റബോധമുള്ളവർ ആകും. നാം ഒരു ധാർമ്മികജീവിയാണെന്നും നാം ചെയ്യുന്നതിനൊക്കെ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നും നല്ല മനസ്സാക്ഷി നമ്മെ ബോദ്ധ്യമാക്കും. നമ്മുടെ അഉവുകോൽ ശരിയാണെങ്കിൽ അത് നമ്മുടെ നമസ്സാക്ഷിയെ നേർവഴിയിൽ നടത്തും, ഒരു പബ്ലിക് പരീക്ഷയിൽ ഒരു വിദ്യാർത്ഥി കോപ്പിയടിക്കുന്നു അല്ലെങ്കിൽ ഒരു കളവ് പറയുന്നു, ചെയ്യാൻപാടില്ലാത്തത് ചെയ്യുന്നു എന്നൊക്കെ വിചാരിക്കുക. അപ്പോഴൊക്കെ അവന്റെ മനസ്സാക്ഷി കുറ്റം വിധിക്കുന്നുണ്ടായിരിക്കാം.

ആദാം ഹവ്വമാർ പാപം ചെയ്താറെ അവർ ഒളിച്ചിരുന്നതായി വായിക്കുന്നു, എന്തായിരുന്നു അതിനു കാരണം? അവരുടെ മനസ്സാക്ഷി അവരെ വേട്ടയാടിയതുകൊണ്ടാണ്. അനന്യാസും സഫിറയും പരിശുദ്ധാത്മാവിനോടു വ്യാജം കാണി

05

## നോവൽ 8

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

ഒടുവിൽ കുമ്മാശൻ തന്റെ മകനെ തന്നെ അതിനായി നിയോഗിച്ചു. നാട്ടിൽ നിന്ന്, കാടിനെ അതിന്റെ നിയമങ്ങളെ പിച്ചിച്ചീന്താൻ വന്നവരെ മുത്തി ശിക്ഷിക്കുന്നു. അതിനായി മുത്തി നിയമിച്ചിരിക്കുന്നത് മീരനെയാണ്. കൂടാതെ നാട്ടിൽ നിന്ന് വന്ന കള്ളന്മാരെ അനുസരിക്കുന്നവർക്ക് വസൂരിയുടെ വിത്തുകളാണ് ഫലം...എന്നിങ്ങനെയുള്ള കുമ്മാശന്റെ പ്രസ്താവനയിൽ ചിലർ ഭയന്നു. മുനയണ്ണനേയും മാതേവനേയും പോലുള്ളവർ അത് ഗൗനിച്ചതേയില്ല. ഒടുവിലത്തെ ജയം എപ്പോഴും യേശുകർത്താവിനാണെന്ന് അവർ വിശ്വസിച്ചു. കുമ്മാശൻ ചുവന്ന പട്ടണിഞ്ഞ്, കാലിൽ ചിലമ്പിട്ട് കോമരം തുള്ളിയതിനു ശേഷം ഉടവാൾ മീരനെ ഏൽപ്പിച്ചു. മുതലാളിമാരുടെ എച്ചിൽ കഴിച്ച്, അവർക്ക് വേലചെയ്യുവാൻ കുറഞ്ഞ കൂലിയിൽ തന്റെ ഗോത്രക്കാരെ എത്തിക്കുകയായിരുന്നു മീരന്റെ പണി. എപ്പോഴും കഞ്ചാവും ചാരായവും ഉപയോഗിച്ചിരുന്ന അവന്റെ കണ്ണുകൾ കലങ്ങി കിടന്നു. മീരൻ വാളുമായി പുറപ്പെട്ടതോടെ, ആ വിവരവുമായി ചെറുമൻ ഓടിക്കിതച്ചു വന്നു.

ദൈവം കുട്ട്യേ....ദൈവം കുട്ട്യേ...?

പ്രാർത്ഥന നിർത്തി കുടിലിന് പുറത്ത് എത്തി ആൽബർട്ട് നോക്കുമ്പോൾ കിതപ്പോടെ ചെറുമൻ ചരിവു കയറുന്നതാണ് കാണുന്നത്.

ദൈവം കുട്ട്യേ....മുത്തീടെ വാളുണ്ട് വരുന്നുണ്ട്....

ആര്...?

മീരൻ; കുമ്മാശന്റെ മോൻ...!

രണ്ടു മൂന്നു മിനിട്ടു കൊണ്ട് ഏകദേശം എല്ലാം ആൽബർട്ടിനോടായി ചെറുമൻ പറഞ്ഞു തീർത്തു. അപ്പോൾ എതോ കാട്ടു വഴിയിലൂടെ കുതിക്കുകയായിരുന്നു മീരൻ.

അവന്റെ കൈയ്യിൽ കുമ്മാശന്റെ വാൾ രക്തത്തിനായി ദാഹിച്ചു.

വല്ലാത്തൊരാന്തലോടെ ചെറുമനേയും കൊണ്ട് , ആൽബർട്ട് മുളങ്കാടു താണ്ടി അരുവിക്കരയിലേക്ക് പാഞ്ഞു. മുത്തിക്കാവിൽ നിന്ന് കുതിച്ചു വരുന്ന മീരൻ അരുവി താണ്ടിയാണ് വരുന്നത്. അരുവിയിലേക്ക് ഉന്തിനിൽക്കുന്ന പാറപ്പുറത്തപ്പോൾ വിനോദ് കാണും. കാതറിന് എഴുത്ത് എഴുതാനുണ്ടെന്ന് പറഞ്ഞാണവൻ പോയിരിക്കുന്നത്.

ആൽബർട്ട് അവിടെ എത്തുമ്പോഴേക്കും മീരൻ കൊലവിളി മുഴക്കി എതിരെ വരുന്നുണ്ടായിരുന്നു. ചെറുമൻ പെട്ടന്ന് മുളങ്കാടുകൾക്കിടയിലുള്ള പടർപ്പിലേക്ക് ആൽബർട്ടിനെ തള്ളിയിട്ടു. ഇലച്ചാർത്തുകൾക്കിടയിലൂടെ ചോരനിറത്തിലുള്ള വാൾ കണ്ട് ആൽബർട്ട് മരവിച്ചിരുന്നു. മീരൻ ദുർഭൂതം കയറിയതു പോലെ വികൃതമായ ചേഷ്ടകളോടെ ഓടിയകലുന്നു.

ദൈവം കുട്ട്യേ തേടിയാവും....

ചെറുമന്റെ മന്ത്രണം.

മീരൻ കണ്ണിന് മറഞ്ഞപ്പോൾ, ആൽബർട്ട് പടർപ്പുകൾ വകഞ്ഞു മാറ്റി അരുവിയുടെ ഓരം ചേർന്ന് ഉന്തി നിൽക്കുന്ന പാറയിലേക്ക് ഓടി. ജീവന്റെ അവസാന തുടിപ്പുകളുമായി വിനോദ് അവിടെ ചോരയിൽ മുങ്ങി കിടപ്പുണ്ടായിരുന്നു.

നമ്മ്ടെ അങ്കിൾ...? ചെറുമനിൽ സീൽക്കാരം.

ആൽബർട്ടിന് ബോധം മറയുന്നതു പോലെ തോന്നി.

ചോരയുടെ ഗന്ധം നാസാരന്ധ്രങ്ങളിലൂടെ കയറിയപ്പോഴാണ് ആൽബർട്ട് ഓർമ്മയിൽ നിന്ന് പിടഞ്ഞുണർന്നത്. ആ പാറപ്പുറത്ത് അയാൾ മെല്ലെ കൈകൾ ഓടിച്ചു. പിടഞ്ഞ് ചോര വാർന്ന് നീലമുടിക്കായി എരിഞ്ഞമർന്ന വിനോദിന്റെ സ്മരണ ഉറങ്ങുകിടക്കുന്ന പാറ. കഴിഞ്ഞ മഴക്കാലം ആ ചോരക്കറയുടെ അവസാനകണത്തേയും തുടച്ചു മാറ്റിയിരുന്നു.

തുളുമ്പി വന്ന കണ്ണുകളോടെ അയാൾ പുഴയിലിറങ്ങി മുഖം കഴുകി. പ്രഭാതം അതിന്റെ ചാതുരയോടെ നീലമുടിയുടെ മാറിൽ വീണിരിക്കുന്നു. കിളികളുടെ കളകൂജനവും കാട്ടാറിന്റെ ഒച്ചയും അവിടെ തുളുമ്പികൊണ്ടിരുന്നു.

കാറ്റ് വീശിപ്പോയപ്പോൾ അവിടേക്ക് കുറേ മഞ്ഞപ്പൂവുകൾ അടർന്നു വീണു. ആൽബർട്ട് എഴുന്നേറ്റ് കുടിലിലേക്ക് തിരിച്ചു നടന്നു. അപ്പോൾ വസൂരി ബാധിച്ച് മരിച്ചവരെ അടക്കുന്നയിടത്ത് കുറച്ചു പേർ മറ്റൊരു കുഴിയെടുക്കുന്നത് ആത്മനൊമ്പരത്തോടെ അയാൾ കണ്ടു.

കുടിലിലേക്ക് കയറിയപ്പോൾ, പെട്ടന്ന് എല്ലാം ഒരു ബാഗിലേക്ക് വാരിക്കെട്ടി, തിരികെ പോകുന്നതിനെ പറ്റിയാണ് ആൽബർട്ടിൽ ചിന്ത പടർന്നത്. അപ്പോൾ തന്നെ ഒരാവേശത്തോടെ അയാൾ ബാഗ് നിറച്ചു. പിന്നെ കാപ്പിയിടാനായി അടുപ്പിൽ തീ കൊളുത്തി. കഴിഞ്ഞ ദിവസം ഉറങ്ങാത്തതിന്റെ ക്ഷീണം അയാളിലപ്പോൾ മേഞ്ഞിരുന്നു.

മാതേവൻ കയറി വരുന്നുണ്ട്. കൂടെ ആരോ ഉണ്ടെന്നു തോന്നുന്നു. ആരോടോ അയാൾ സംസാരിച്ചു കൊണ്ട് വരുന്നതിന്റെ ഒച്ചയാണ് ആൽബർട്ട് കേട്ടത്. കാപ്പിക്ക് വെള്ളം വെച്ചിട്ട്, തിരിഞ്ഞ് വാതിൽക്കലേക്ക് ചെന്നു.

ദൈവം കുട്ടീ, ദൈവപ്പിര ശരിയാക്കേണ്ടെ? മാതേവനാണ് ചോദിക്കുന്നത്. നിർവ്വികാരതയോടെ ആൽബർട്ട് അവരുടെ മുന്നിൽ നിന്നു.

ഞാൻ മടങ്ങി പോകുന്നു എന്ന് പറഞ്ഞാലോ..?

നീലമുടിയെ മടുത്തെന്ന് ആക്രോശിച്ചാലോ...?

എന്നാൽ കറമ്പന്റെ ചവിട്ടു കൊണ്ടയിടത്ത് അപ്പോഴും നുരയുന്ന വേദന അമർത്തി ആൽബർട്ട് ചിരിക്കുകയാണുണ്ടായത്.

ശരിയാക്കണം .... ശരിയാക്കണം.... വളരെ പതിയെയാണ് ആൽബർട്ട് പറഞ്ഞത്.

ഇന്നന്നെ മലേടെ മോളിപ്പോയി പനയോല കൊണ്ടു വരണം...

ചോമൻ പറയുന്നു.

മുനയണ്ണനെവിടെ...?

ഇന്ന് കൃഷിക്കാരിത്തിന് പോയിട്ടാവും.... ആണ്ടൻ മറുപടി പറഞ്ഞു.

കാപ്പിയിട്ടത് അവർക്കും പകർന്നു കൊടുത്തിട്ട് ആൽബർട്ട് അവരോടൊപ്പം മല കയറാൻ തീരുമാനിച്ചു.

പനയോലയും മുളങ്കമ്പുകളും വേണം.

കോയിന്ദൻ വഴി ഡേവിഡിന് പുതിയ വാർത്തകൾ കാട്ടി ഒരു കത്ത് കൊടുത്തു വിട്ടു. വെളുമ്പിയോട് സ്കൂളിലെ കാര്യങ്ങൾ നോക്കാൻ പറഞ്ഞേൽപ്പിച്ചു. എല്ലാം ഒറ്റ കേൾവിയിൽ തന്നെ പഠിച്ചെടുക്കാൻ വെളുമ്പിക്കു മാത്രമേ കഴിഞ്ഞിരുന്നുള്ളു.

കുറച്ചു കയറിയപ്പോൾ തന്നെ ചോമൻ ഒരു മുയലിനെ എയ്തു വീഴ്ത്തി. അവിടുന്നും ഇവിടുന്നും ശേഖരിച്ച കുറേ കിഴങ്ങുകൾ ഉപ്പിട്ട് വേവിച്ചതും കനലിൽ ചുട്ട മുയലുമായിരുന്നു രാവിലത്തെ ഭക്ഷണം.

വലിയോരു മരത്തിന്റെ അരികിലായി ഉണ്ടാക്കിയ തീ കെടുത്തി അവർ പിന്നേയും മല കയറി.

ആൽബർട്ടിന് വേണമെങ്കിൽ വരാതിരിക്കാമായിരുന്നു. വന്നില്ലായിരുന്നുവെങ്കിലും മാതേവനും മറ്റും പനയോലകൾ കൊണ്ടു വന്നേനെ. പക്ഷേ താൻ എപ്പോഴും അവരോടൊപ്പമുണ്ടെന്ന് അവരറിയണം. മാതേവനും ആണ്ടനും പനയോലകൾ വെട്ടി യെടുക്കുമ്പോൾ നീലമുടിയുടെ നെറുകയിലേക്ക് ആൽബർട്ട് നടന്നു. നീലമുടിയുടെ മുനമ്പിൽ മരങ്ങൾ ഒന്നും തന്നെയില്ല. പ്രഭാതസൂര്യന്റെ ചൂടേറ്റ് അവിടെ നിൽക്കുമ്പോൾ, അകലങ്ങളിലേക്ക് മിഴി പായിക്കുമ്പോൾ വല്ലാത്തൊരു സമാധാനം തന്നിൽ നിറയുന്നത് ആൽബർട്ട് അറിഞ്ഞു.

ഒരു വ്യഥയും തന്നെ അലട്ടുന്നില്ലെന്ന്, ഒന്നിനാലും താൻ പ്രലോഭിക്കപ്പെടുന്നില്ലെന്ന് അയാൾക്ക് മനസ്സിലായി. ആകുലതകളോ മറ്റൊ തികട്ടി വരാത്ത ഈ ശാന്തതയുടെ തഴുകലാണ്, ഇത്തരം മുഹൂർത്തങ്ങളാണ് വർഷങ്ങൾക്ക് മുൻപ് താൻ കൊതിച്ചതെന്ന് അയാൾ ഓർത്തു. മദ്യത്തിന്റെ രൂക്ഷഗന്ധം തളം കെട്ടിയ ജോൺ അങ്കിളിന്റെ ബാറിലിരുന്ന് താൻ വാഞ്ചിച്ചത്, ഇതു പോലൊരു മന:ശാന്തിയായിരുന്നില്ലേ..?

നീലമുടിയിൽ എപ്പോഴും കാറ്റാണ്. പാറിപ്പറന്ന മുടി കോതിയൊതുക്കി നിൽക്കുമ്പോഴാണ് താഴേന്ന് ഒരു കുട്ടി ഓടി വരുന്നത് ആൽബർട്ട് കണ്ടത്.

മാതേവനും ആണ്ടനും അവനെ നോക്കുന്നു. അടുത്തെത്താറായപ്പോൾ അത് ശിവനാണെന്ന് ആൽബർട്ടിന് മനസ്സിലായി. ഏന്തിവലിഞ്ഞവൻ കയറ്റം കയറുമ്പോഴും കൈയ്യിൽ എന്തോ ഉയർത്തിപ്പിടിച്ചിരുന്നു.

സാറേ....

ഞാ എവിടൊക്കെ.. കിതപ്പു കാരണം അവന് സംസാരിക്കാൻ കഴിയുന്നില്ല. നിലത്ത് കുത്തിയിരുന്ന് നായെപ്പോലെ കിതച്ചു കൊണ്ടവൻ ഒരു കവർ നീട്ടി.

മുണ്ടോട്ടി.... മു ...കൊടുത്ത്...മുണ്ടോട്ടീന്ന് തന്നയച്ചതാണെന്ന് കോയിന്ദേട്ടൻ....

കോയിന്ദൻ വഴി ഡേവിഡ് എന്താവും കൊടുത്തു വിട്ടത്..?

ആൽബർട്ട് എൻവലപ്പ് പൊട്ടിച്ചു. (തുടരും)

ചോദ്യോത്തര വേദി

# ഗ്രിഗറി മാർപാപ്പയും ക്രിസോസ്റ്റം തിരുമേനിയും



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ലോകത്തിലെ പല കവികളും കലാകാരന്മാരും സാഹിത്യകാരന്മാരും മഗ്ദലനമറിയം മോശക്കാരിയാണന്ന് ചിത്രീകരിച്ചുകൊണ്ടാണ് പ്രശസ്തരും പണക്കാരും ആയത്. എന്നാൽ മഗ്ദലന മറിയം മോശക്കാരിയാണന്ന് ബൈബിളിലെങ്ങും കണ്ടെത്താനായില്ല. പിന്നെന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? – **ബിൻസി, തിരുവല്ല**

**ഉത്തരം:** എ. ഡി. 591–ൽ **ഗ്രിഗറി മാർപാപ്പ** തന്റെ ഒരു പള്ളി പ്രസംഗത്തിൽ വച്ച് മഗ്ദലന മറിയം വേശ്യയായിരുന്നു എന്ന് പ്രഖ്യാപിച്ചു. വേദപുസ്തകം വായിച്ചു മനസിലാക്കുവാൻ അനുവാദമില്ലാതിരുന്ന അന്നത്തെ വിശ്വാസികൾ മാർപാപ്പ പറയുന്നത് അന്ധമായി വിശ്വസിച്ചു. എ. ഡി 591– ലെ ഗ്രിഗറി മാർപാപ്പയുടെ തെറ്റായ വെളിപ്പാടുകൾ പിന്നീട് കത്തോലിക്കസഭ തിരുത്തി കുറിക്കുന്നത് 1969–ലെ വത്തിക്കാൻ കൗൺസിലിലാണ്. ലൂക്കോസിന്റെ സുവിശേഷം 7–ാം അദ്ധ്യായത്തിൽ വിവരിക്കുന്ന പാപിനിയായ സ്ത്രീയും, മഗ്ദലന മറിയവും വേറെ വേറെ സ്ത്രീകളാണന്ന് കത്തോലിക്കാസഭ അന്ന് പ്രഖ്യാപിച്ചു. അതോടെ ഗ്രിഗറി മാർപാപ്പയുടെ പ്രഖ്യാപനം തെറ്റായി. ആദിമ അപ്പോസ്തലിക വിവരണത്തിന്റെ പിൻബലമില്ലാതെ ഒരു മാർപാപ്പ ചെയ്ത പള്ളിപ്രസംഗം 1400 കൊല്ലക്കാലം കത്തോലിക്കാസഭ പാരമ്പര്യമായി വിശ്വാസസത്യമായി പഠിപ്പിച്ചു. ഇതിന്റെ ചുവുടുപിടിച്ച് ലോകത്തിലെ പല ഭാഷകളിലെ സാഹിത്യകാരന്മാരും കലാകാരന്മാരും കവികളും കഥകൾ മെനഞ്ഞുണ്ടാക്കി. ഇപ്പോഴും കള്ളകഥകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ഗ്രിഗറി മാർപാപ്പ പ്രസംഗിച്ചതുപോലെതന്നെ, യൂദായെപ്പറ്റി ക്രിസോസ്റ്റം തിരുമേനി പ്രസംഗിക്കാറുണ്ട്. അദ്ദേഹം യൂദായെക്കുറിച്ച് പ്രസംഗിക്കുന്നത് ഞാൻ നേരിട്ട് കേട്ടത് താഴെക്കുറിക്കുന്നു: "യൂദായിക്ക് വിദ്യാഭ്യാസവും വിവരവുമുണ്ടായിരുന്നു അതുകൊണ്ടാണ് പണസഞ്ചി സൂക്ഷിക്കാൻ കർത്താവ് യൂദായെ ഏല്പിച്ചത്. യേശുക്രിസ്തു വാക്കിലും പ്രവർത്തിയിലും ഒരിടത്തും പരാജയപ്പെടുന്നതു കാണാതിരുന്നതുകൊണ്ടാണ് 30 വെള്ളിക്കാശുമേടിച്ച് ശത്രുക്കളുമായി ഒന്നു ഗുസ്തിപിടിപ്പിച്ച ശേഷം യേശുവിന്റെ ശത്രുക്കളുടെ പരാജയം കാണുവാൻ യൂദാ ആഗ്രഹിച്ചത്. ക്രിസോസ്റ്റം തിരുമേനിയടെ പ്രസംഗം കേട്ടാൽ യൂദായെ ആരാധിക്കാൻ വചന പരിജ്ഞാനമില്ലാത്തവർക്ക് തോന്നും, എന്നാൽ കർത്താവോ അപ്പൊസ്തലന്മാരോ യൂദായെപ്പറ്റി പറഞ്ഞ കാര്യങ്ങൾ തിരുമേനി തന്റെ പ്രസംഗത്തിൽ പറയാറില്ല. യൂദായെപ്പറ്റി യേശു പറഞ്ഞു: "നിങ്ങളിൽ ഒരുവൻ, എന്നോടു കൂടെ ഭക്ഷിക്കുന്നവൻ തന്നെ, എന്നെ ഒറ്റിക്കൊടുക്കും എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" എന്ന് പറഞ്ഞു.

അവർ ദുഃഖിച്ച് ഒരോരുത്തരും: ഞാനോ? ഞാനോ? എന്ന് അവരോട് ചോദിച്ചു തുടങ്ങി. യേശു അവരോട്: "പന്ത്രണ്ടു പേരിൽ ഒരുവൻ, എന്നോടുകൂടെ താലത്തിൽ കൈമുക്കുന്നവൻ തന്നെ."

മനുഷ്യപുത്രൻ പോകുന്നത് തന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് അനുസരിച്ചാകുന്നു; **മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്ന മനുഷ്യനോ അയ്യോ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവനു കൊള്ളാമായിരുന്നു"** എന്നു പറഞ്ഞു. (മർക്കോസ് 14:21)

പത്രോസ് പ്രസംഗിച്ചു: "യൂദാ ഞങ്ങളുടെകൂടെ എണ്ണപ്പെട്ടവനും ഈ ശുശ്രൂഷയിൽ പങ്കു ലഭിച്ചവനും ആയിരുന്നുവല്ലോ. **യൂദാ തന്റെ ദുഷ്ടതയുടെ പ്രതിഫലം കൊണ്ട്** ഒരു നിലം വാങ്ങി; തലകീഴായി വീണു; നടുവേ പിളർന്ന് അവന്റെ കുടലെല്ലാം പുറത്തുചാടി" (അപ്പൊ. പ്രവ. 1:17,18).

ഗ്രിഗറി മാർപാപ്പയും ക്രിസോസ്റ്റം തിരുമേനിയും തങ്ങളുടെ ബുദ്ധിയിൽ വ്യാഖ്യാനിച്ചതും, വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതും തമ്മിൽ യാതൊരു സാമ്യവും ഇല്ലെന്ന് വ്യക്തമായി എന്ന് കരുതട്ടെ.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബോർഡ് ബിലീവേഴ്സ് ജേണൽ വാർത്ത യാഥാർത്ഥ്യം

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് വിശ്വാസികളുടെ സമിതിയായ സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടതായി ബിലീവേഴ്സ് ജേണൽ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഈ വാർത്ത തെറ്റാണെന്നും സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടിട്ടില്ലെന്നും നിലവിലുണ്ടെന്നും ഓവർസിയർ പറഞ്ഞതായി ഒരു മാധ്യമത്തിൽ വാർത്ത വന്നിരുന്നു. സ്റ്റേറ്റ് ബോർഡ് ഭാരവാഹികളും ഇത് അറിയിച്ചതായി ആ പത്രത്തിലുണ്ടായിരുന്നു. ബിലീവേഴ്സ് ജേണൽ മനപൂർവ്വമായി ഇത്തരം വാർത്ത കെട്ടിചമച്ചതാണെന്നും ചിലർ പ്രചരിപ്പിച്ചു. ബിലീവേഴ്സ് ജേണലിൽ വന്ന വാർത്തയുടെ സത്യസന്ധത ചോദ്യം ചെയ്യപ്പെട്ടതിനാൽ യാഥാർത്ഥ്യം വായനക്കാരുടെ അറിവിലേക്കായി ചേർക്കുന്നു. ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ട വാർത്തകളും വിശകലനങ്ങളും ബിലീവേഴ്സ് ജേണലിൽ വരുന്നതിൽ ചില കേന്ദ്രങ്ങൾക്ക് അസഹിഷ്ണതയുണ്ടായിരുന്നു. സ്റ്റേറ്റ് ബോർഡ് അംഗങ്ങളായ രണ്ടുപേർ ബിലീവേഴ്സ് ജേണൽ പത്രാധിപർക്കെതിരെ ഫോണിൽ വധഭീഷണിമുഴക്കുകയും ചെയ്തു. ഇത് സംബന്ധമായ പരാതി മുളക്കുഴയിൽ സ്റ്റേറ്റ് ഓവർസിയർക്കും കൗൺസിലിനും നൽകുവാനായി ജേണൽ എഡിറ്റർ എത്തിയപ്പോൾ കൗൺസിലിൽ പരാതി വായിക്കുവാൻ സ്റ്റേറ്റ് ഓവർസിയർ സ്റ്റേറ്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പരാതികേട്ടശേഷം ഇപ്പോൾ സ്റ്റേറ്റ് ബോർഡ് നിലവില്ലെന്നും ഇവർ മുൻ അംഗങ്ങൾ മാത്രമാണെന്നും സ്റ്റേറ്റ് ഓവർസിയർ അറിയിച്ചു. സ്റ്റേറ്റ് ബോർഡ് നിലവില്ലേ എന്ന അന്വേഷണത്തിൽ അവർ വാക്കിലൂടെയും കത്തിലൂടെയും അറിയിച്ചതനുസരിച്ച് രാജി സ്വീകരിച്ച് ബോർഡ് പിരിച്ചുവിട്ടുവെന്നും ഓവർസിയർ അറിയിച്ചു. വാർത്ത പ്രസിദ്ധീകരിക്കുന്നതിൽ തെറ്റുണ്ടോ എന്ന ചോദ്യത്തിന് വാർത്ത പ്രസിദ്ധീകരിക്കാമെന്നും ഇത് ഔദ്യോഗികമായി അറിയിക്കുകയാണന്നുമാണ് ഓവർസിയർ പറഞ്ഞത്. അത് അനുസരിച്ച് വാർത്ത പ്രസിദ്ധീകരിക്കുക മാത്രമാണ് ബിലീവേഴ്സ് ജേണൽ ചെയ്തത്. അല്ലാതെ സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടതിൽ ജേണലിന് ഒരു പങ്കുമില്ല.

കൗൺസിലിന്റെ ഔദ്യോഗിക റിക്കാർഡായ മിനിട്ട്സ് ബുക്കിൽ ഈ തീരുമാനം രേഖപ്പെടുത്തി സ്റ്റേറ്റ് ഓവർസിയറും കൗൺസിൽ അംഗങ്ങളും ഒപ്പിട്ടിട്ടുണ്ട്. 3/6/2014–ൽ കൂടിയ സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിലും ഓവർസിയർ ഇത് വ്യക്തമാക്കിയതാണ്. കൗൺസിലിന്റെ തീരുമാനം ഇതായിരിക്കുകയും ഓവർസിയർ ഉൾപ്പെടെയുള്ളവർ മിനിട്ട്സിൽ ഒപ്പിട്ടതിനു ശേഷം വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നത് നേതൃത്വത്തിലുള്ളവരുടെ പിടിപ്പുകേടോ മുഖം രക്ഷിക്കാനുള്ള ശ്രമമോ മാത്രമാണ്. ഈ തീരുമാനത്തിൽ സ്റ്റേറ്റ് ഓവർസിയർക്കും സ്റ്റേറ്റ് കൗൺസിലിനും കൂട്ടുത്തരവാദിത്തമുണ്ട്.

സ്റ്റേറ്റ് ബോർഡ് സംബന്ധമായി ബിലീവേഴ്സ് ജേണലിന്റെ നിലപാട് ഇതാണ്. സഭയുടെ ഭരണത്തിൽ സഹോദരന്മാർക്ക് പങ്കാളിത്തം നൽകണം. ഇപ്പോഴുള്ള സ്റ്റേറ്റ് ബോർഡു പോലെ അധികാരമില്ലാത്ത സമിതികൊണ്ട് യാതൊരു കാര്യവുമില്ല. സ്റ്റേറ്റ് കൗൺസിലിൽ വിശ്വാസികളുടെ പ്രതിനിധികളെ വോട്ടിംഗിലൂടെ തെരഞ്ഞെടുക്കുകയും എക്സിക്യൂട്ടീവ് സ്ഥാനങ്ങളായ ട്രഷറർ, ജോയിന്റ് സെക്രട്ടറി പദവികൾ നൽകുകയും വേണം. വിശ്വാസികളുടെ പ്രാതിനിധ്യത്തിന് ബിലീവേഴ്സ് ജേണൽ പിന്തുണ എപ്പോഴും ഉണ്ടാകുകയും ചെയ്യും. സത്യസന്ധമല്ലാത്തതോ തെളിവില്ലാത്തതോ ആയ വാർത്തകൾ ബിലീവേഴ്സ് ജേണൽ പ്രസിദ്ധീകരിക്കാറില്ല.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജേക്കബ് തോമസിനെ തിരിച്ചെടുത്തു



COMPROMISE PETITION FILED BY THE PETITIONER AND THE RESPONDENTS

The petitioner and the respondents arrived at a settlement on the following terms:-

1. The state council of the 1st respondent church by its decisions dated 19-04-2014 and 22-04-2014 decided to settle all disputes with Pastor Jacob Thomas and consequently he is re-instated as the Pastor of the church at its Manarcadu Saba cancelling the earlier decision of his expulsion and it is assured that his credentials will be in force hereafter.

2. The petitioner and the respondents will not proceed with any previous cases as those became infructuous on the re-instatement of the petitioner as the Pastor of the Church.

3. Therefore this Honourable authority may be pleased to pass an award in terms of the settlement between the parties.

Dated this the 16th day of May, 2014

Petitioner: Pastor Jacob Thomas

Respondents 1. The Church of God Full Gospel In India represented by its State Overseer P.J. James

2. P.J. James

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് മുൻ യൂത്ത് ഡയറക്ടറും പാമ്പാടി ഡിസ്ട്രിക്ട് പാസ്റ്ററും മണർകാട് സഭാശുശ്രൂഷകനുമായിരുന്ന പാസ്റ്റർ ജേക്കബ് തോമസിനെ (സാബു മണർകാട്) തിരിച്ചെടുത്തു. പാസ്റ്റർ കെ. സി. ജോണിന്റെ ഭരണകാലത്ത് ഗുരുതരമായ ആരോപണങ്ങളുടെ പേരിലാണ് ജേക്കബ് തോമസിനെ സഭാ ജനറൽ ബോഡി പുറത്താക്കിയത്. തുടർന്ന് പത്തുവർഷത്തോളം നിയമപോരാട്ടം നടക്കുകയായിരുന്നു. മെയ് 16ന് കോട്ടയം അദാലത്ത് കോടതിയിൽ സ്റ്റേറ്റ് ഓവർസിയർ പി. ജെ. ജെയിംസും പാസ്റ്റർ സാബുവും ഒത്തുതീർപ്പിൽ എത്തുകയായിരുന്നു. ഏപ്രിൽ 19, 22 തീയതികളിൽ നടന്ന കൗൺസിലിന്റെ അംഗീകാരത്തോടെയാണ് തീരുമാനം എന്ന് ഒത്തുതീർപ്പ് വ്യവസ്ഥയിൽ കാണുന്നു. എല്ലാ അധികാരപത്രങ്ങളും നൽകി ശുശ്രൂഷകനായി പാസ്റ്റർ ജേക്കബ് തോമസിനെ തിരിച്ചെടുക്കുന്നതായിട്ടാണ് കോടതിയിൽ ഓവർസിയർ പി. ജെ. ജെയിംസ് ബോധിപ്പിച്ചിരിക്കുന്നത്. ജേക്കബ് തോമസിനെ തിരിച്ചെടുത്തതിനെത്തുടർന്ന് തങ്ങളെയും തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് പുറത്താക്കപ്പെട്ട ചില ശുശ്രൂഷകർ നേതൃത്വത്തെ സമീപിച്ചുവെന്നാണ് അറിയുന്നത്. പാസ്റ്റർ പി. ജെ. ജെയിംസിന്റെ ഭരണകാലത്തുതന്നെ തങ്ങളെയും തിരിച്ചെടുക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു. "19, 22 തീയതികളിൽ സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗ് നടന്നിട്ടില്ലാത്തതിനാൽ ഇങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല. ഓവർസിയർ കോടതിയിൽ സമർപ്പിച്ചത് വ്യാജമാണെന്നും കൗൺസിലിന്റെ അനുമതി ഇല്ലാതെയാണ് ഇത് ചെയ്തിരിക്കുന്നതും. ഓവർസിയർ ചെയ്തത് ഗുരുതരമായ ഭരണഘടനാലംഘനമാണ്. കോടതിയെ തെറ്റിദ്ധരിപ്പിക്കുകയാണ് ഓവർസിയർ ചെയ്തതെന്നും വേൾഡ് മിഷന് പരാതി നൽകിയുട്ടുണ്ടെന്നും" കൗൺസിൽ അംഗങ്ങൾ ബിലീവേഴ്സ് ജേണലിനോട് പറഞ്ഞു.

# 02 മാതാപിതാക്കൾ അറിയാൻ.....

നം കാണുന്ന കുടുംബങ്ങളിലും കലഹം സന്തതം സഹചാരി ആയിരിക്കും. നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കാനാഗ്രഹിക്കുന്ന ഭാവികുടുംബജീവിതം എങ്ങനെയെന്നത് നിങ്ങൾ ജീവിച്ചു കാണിക്കണം. നിത്വകലഹത്തിൻ വളരുന്ന മക്കളും ഭാവിയിൽ കലഹക്കാരായും നിർബന്ധ ബുദ്ധികളായും മാറും എന്നതും മറകരുത്.

**യഥാമതാതഥാപുത്രി.....**

ഈ പഴഞ്ചൊല്ല് യിസ്രായേലിൽ പറഞ്ഞു വന്ന ഒന്നാണ്. 'മാതാവിനെ പോലെ മക്കളും' എന്നത് ഇന്നും ശ്രദ്ധേയമാണ്. 'അമ്മയെ കണ്ടിട്ട് മകളെ കെട്ടണം' എന്നതും ഇതേ അർത്ഥത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. മാതാപിതാക്കളുടെ മാതൃക, സ്വഭാവങ്ങൾ, സംസാരങ്ങൾ, പൊങ്ങച്ചങ്ങൾ എല്ലാം മക്കൾ മാതൃകയാക്കും. പ്രത്യേകിച്ച് അമ്മയെപോലെ മക്കളും അപ്പനെ പോലെ മകനും ആയിതീരും എന്നതിനും സത്യം ഇല്ലാതില്ല.

വീടുകളിൽ മാതാപിതാക്കൾ കാണിക്കുന്നതാണ് മക്കൾ മാതൃകയാക്കുന്നത്. മക്കൾ നന്നാകണമെങ്കിൽ മാതാപിതാക്കൾ നന്നാകണം. ആത്മീകതയുടെ പേരുമാത്രം നിലനിർത്തി ജഡികതായി ജീവിക്കുന്ന മാതാപിതാക്കൾക്ക് ആത്മീകതയെ മക്കളെ വളർത്തിയെടുക്കാൻ കഴിയുകയില്ല. ആത്മീകത വാക്കുകളിൽ അല്ല പ്രവൃത്തിയിൽ ആണ് കാണേണ്ടത്.

**കുടുംബപ്രാർത്ഥനകൾ ആരാധനകളായി മാറണം**

ആത്മീകത ഉണർവ്വുകൾ സഭയിലോ, സമൂഹത്തിലോ ഉണ്ടാകണമെങ്കിൽ അത് ആരംഭിക്കേണ്ടത് കുടുംബങ്ങളിലാണ്. കുടുംബപ്രാർത്ഥനകൾ ആരാധനകളും ഉണർവ്വു യോഗങ്ങളുമായി പരിണമിക്കണം. ഈ കാലഘട്ടത്തിൽ ഉണ്ടാകേണ്ടത് ഒരു ആത്മീക ഉണർവ്വാണ്. കുടുംബനാഥന്മാർ, മാതാക്കൾ കൂട്ടായ്മയാണ് മുൻകൈ എടുക്കണം. സന്ധ്യയ്ക്കുള്ള ടി.വി പരിപ്പാടിക്ക് വിട നൽകി, പഠനത്തിനും പ്രാർത്ഥനയ്ക്കുമായി അനുയോജ്യമായ അന്തരീഷം വീടുകളിൽ സൃഷ്ടിക്കണം.

**കുഞ്ഞുങ്ങൾ കുടുംബത്തിന്റെ ശ്രദ്ധാകേന്ദ്രം**

കുഞ്ഞുങ്ങളെ അടിസ്ഥാനപ്പടുത്തിയാണ് വീടുകളിലെ എല്ലാ ദിനചര്യയ്കളും. കുഞ്ഞുങ്ങളുടെ ഭാവിക്കുവേണ്ടിയുള്ള കരുതലാണ് എല്ലാ മാതാപിതാക്കളുടെയും ലക്ഷ്യം. ധനവും വസ്തുവകകളും കരുതാൻ കാണിക്കുന്ന വെമ്പൽ ദൈവഭക്തി ആർജ്ജിക്കുന്നതിൽ ഇല്ല വചനം പറയുന്നു; "യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; അവയെ ആചരിക്കുന്ന ഏവർക്കും നല്ല ബുദ്ധി ഉണ്ട്".

ദൈവഭക്തരായി കുഞ്ഞുങ്ങൾ വളർന്നുവന്നാൽ അതിനെക്കാൾ വലിയൊരു ധനം ഇല്ല. ഒരു പക്ഷേ മാതാപിതാക്കൾ നൽക്കുന്ന ധനമോ, സമ്പത്തോ, പണമോ അല്ല കുഞ്ഞുങ്ങളെ വലിയവരാക്കുന്നത്, മറിച്ച് ദൈവാശ്രയമാണ്. പലരും കുഞ്ഞുങ്ങളെ വലിയവരാക്കാൻ വെമ്പൽ കൊള്ളുമ്പോൾ നഷ്ടപെടുന്നത് ദൈവഭക്തിയാണ്. "മൂല്യങ്ങൾ ഇല്ലാത്ത വിദ്യാഭ്യാസം ഇന്നതെ ഒരു ശാപമാണ്" എന്നത് മഹാത്മഗാന്ധിയുടെ വാക്കുകളാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ മാത്രമല്ല വേണ്ടത് വിദ്യാദാതാവായ ദൈവത്തെയാണ്.

തുടരും......

## ലേഖനം

# ഇസബേലിന്റെ ആത്മാവ് – 1



റെജി പോൾ
ഷാർജ

"എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ടു" വെളിപ്പാട് 2:20.

ആരാണീ ഇസബേൽ എന്ന് നമുക്ക് പഴയനിയമത്തിലെ ഒന്ന് രാജാക്കന്മാരുടെ പുസ്തകം 16:31 വായിച്ചു മനസ്സിലാക്കാം: "ഒമ്രിയുടെ മകനായ ആഹാബ് തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്നു തോന്നുമാറു അവൻ സീദോന്യരാജാവായ എത്ത്-ബാലിന്റെ മകളായ ഈസേബെലിനെ മകളായ ഈസേബെലിനെ ഭാര്യയായി പരിഗ്രഹിക്കുകയും ബാലിനെ ചെന്നു സേവിച്ചു നമസ്കരിക്കുകയും ചെയ്തു". ഇസബേലിന്റെ ബാക്കി ചരിത്രം കൂടി ഈ അദ്ധ്യായങ്ങളൊക്കെ വായിച്ചു ഗ്രഹിച്ചാൽ ഈ ലേഖനം കൂടുതൽ മനസ്സിലാക്കാൻ സഹായിക്കും. രണ്ട് രാജാക്കന്മാരുടെ പുസ്തകത്തിൽ കൊല്ലപ്പെട്ട ഇസബേൽ നൂറ്റാണ്ടുകൾക്കു ശേഷം ഇനി സഭക്കെന്തു ദോഷം വരുത്താനാണെന്ന് തുയഥൈരയിലെ സഭാ ശുശ്രൂഷകനും വിശ്വാസികൾക്കും അന്ന് തോന്നിയെങ്കിൽ, നാം എത്രയധികം നിസ്സാരമായി ഇതിനെ കാണും? പക്ഷെ സഭകളെയും അഭിഷിക്തന്മാരെയും തകർക്കുന്നതിലും തകർത്തതിലും ഇന്നും പ്രധാന പങ്കു വഹിക്കുന്നത് മറഞ്ഞിരിക്കുന്ന ഇസബേൽ എന്ന അന്ധകാര ശക്തിയാണെന്ന സത്യം തിരിച്ചറിഞ്ഞില്ലെങ്കിൽ ആത്മീയ പോരാട്ടത്തിൽ അന്തിമ വിജയം ശത്രുവിനായിരിക്കും എന്നത് ദുഃഖസത്യമായി ശേഷിക്കും. ഒരു പക്ഷെ ഇസബേൽ എന്ന കഥാപാത്രം തുയഥൈര സഭയിലെ ഒരു വിശ്വാസിനി ആയിരിക്കണമെന്ന് നിർബന്ധമില്ല. തന്റെ സഭയെ മലീമസമാക്കുന്ന ഒരു ദുരാത്മ സാന്നിധ്യത്തെക്കുറിച്ചായിരിക്കാം കർത്താവ് സൂചിപ്പിച്ചത്. യോഹന്നാൻ ഏലിയാവിന്റെ ആത്മാവോടെ വന്നുവെന്ന വാക്യം സൂചിപ്പിക്കുന്നതുപോലെ ഒരു ആത്മീയ സ്വഭാവത്തെയായിരിക്കണം ഇവിടെയും വിവക്ഷിക്കുന്നത്. ഇരുപത്തൊന്നാം നൂറ്റാണ്ടിലും നമുക്കിത് പാഠമായി തന്നിരിക്കുമ്പോൾ ഒരു വ്യക്തിയല്ല മറിച്ച് അതിന്റെ പിന്നിൽ വ്യാപരിക്കുന്ന ആത്മാവാണ് നിശ്ചയമായും ഇവിടത്തെ വിഷയം. വേർപാടും വിശുദ്ധിയും പ്രസംഗിക്കുകയും അത് സ്വന്ത ജീവിതത്തിൽ മാതൃക കാണിച്ച് ആടുകളെ നടത്തുകയും ചെയ്യേണ്ട സ്ഥാനത്ത് കുറെ കർണ്ണ രസം നൽകുന്ന എണ്ണിച്ചുട്ട പ്രസംഗങ്ങളും മാതൃകയില്ലാത്ത ജീവിതവുമായി "വേല" ചെയ്ത് മുമ്പോട്ട് പോകുന്നവർ, ഈ ദുഷ്ട ശക്തിയുടെ അന്തപ്പുരത്തിൽ ഷണ്ഡ വേല ചെയ്യുന്നവരെക്കാൾ ഒട്ടും മെച്ചമല്ല. അവർക്കുള്ളതല്ല ഈ ലേഖനം. സഭകളെ മുടിക്കുന്ന, അഭിഷിക്തന്മാരുടെ ശുശ്രൂഷയെ തകർക്കുന്ന ഈ ദുഷ്ടശക്തിയെ നമുക്ക് വിശകലനം ചെയ്യാം.

**1. വിശുദ്ധന്മാരോടുള്ള പോരാട്ടം:**

എല്ലാ തലമുറയിലും വേർപാടിനും വിശുദ്ധിക്കും വേണ്ടി നിൽക്കുന്നവരെ ഇവൾക്ക് സഹിച്ചുകൂടാ. പാപത്തെക്കുറിച്ച് പ്രസംഗിച്ച യോഹന്നാൻ സ്നാപകന്റെ തലയെടുപ്പിച്ച ഹെരോദ്യയും ഇതേ ആത്മാവിന്റെ ആൾ രൂപമാണ്. ഇവളെന്തും ക്ഷമിക്കും. പക്ഷെ ആത്മാക്കളെ നിത്യതയിലെത്തിക്കാൻ ഉത്സാഹിക്കുന്നവരെ മാത്രം ഇവർക്ക് സഹിക്കാൻ പറ്റില്ല.

**2. വിഗ്രഹാരാധന:**

ഉപേക്ഷിച്ചു പോന്ന വിഗ്രഹങ്ങളെ തിരികെയെടുപ്പിക്കുന്ന പൈശാചിക ശക്തിയാണിത്. ജാതീയ വിഗ്രഹങ്ങളിലേക്കും മടക്കികൊണ്ട് പോകാൻ കഴിഞ്ഞില്ലെങ്കിൽ കലാ സാംസ്കാരിക സ്പോർട്സ് സമൂഹത്തിലെ നായകന്മാരെയെങ്കിലും ഹൃദയത്തിൽ കയറ്റാൻ ശ്രമിക്കും. പല ദൈവമക്കൾക്കും യേശുവിനേക്കാൾ താൽപര്യം ഷാരൂഖ് ഖാനെയും സച്ചിൻ തെണ്ടുൽക്കറെയുമാണ്. സന്ധ്യാപ്രാർത്ഥന മാറ്റി സീരിയൽ കാണലായി മാറിയിരിക്കുന്നു കുടുംബത്തിനകത്തെ ഏക കൂട്ടായ്മ. ഇതിലൊന്നും വീഴാത്തവരുണ്ടെങ്കിൽ ദ്രവ്യാഗ്രഹമാകുന്ന വിഗ്രഹാരാധനയിൽ വീഴിക്കും. പ്രമാണങ്ങളിൽ മുറുകെപ്പിടിച്ച ആദ്യ തലമുറകളുടെ അനന്തരാവകാശികൾ ഏഴാം കടലിന്നക്കരെ ചെന്ന് പുത്തൻ ദൈവശാസ്ത്രത്തിന്റെ ബലത്തിൽ ആവോളം ക്രിസ്തുമസും ഈസ്റ്ററും ആഘോഷിച്ചു പുളയ്ക്കുന്നു. ഇതൊക്കെ ഇസബേല്യ സ്വാധീനം അല്ലെങ്കിൽ പിന്നെന്താണ്?

**3. പരസംഗം:**

ജാതികളോടു ഇണയല്ലാപ്പിണ കൂടരുതെന്ന ദൈവകൽപ്പന ലംഘിച്ച്, ഇസബേലിന്റെ മായികവലയത്തിൽ അകപ്പെട്ടുപോയ അഹാബിന്റെ തകർച്ചയും അന്ത്യവും വിശദമായി വിവരിച്ചത് വായിക്കേണം. ആരോടും എവിടെയും എന്തിനും കൂടിക്കലരുന്നവരായി ദൈവമക്കളെ മാറ്റിയതിൽ ഇസബേലിന്റെ ആത്മാവ് വലിയൊരു പങ്കു വഹിക്കുന്നു. സാക്ഷാൽ വ്യഭിചാരം ചെയ്താലും അപ്പപ്പോൾ മാനസാന്തരപ്പെട്ടാൽ മതിയെന്ന ഉപദേശം അവളുടെ ശുശ്രൂഷകന്മാരല്ലാതെ വേറാരാണ് സഭയിൽ കയറ്റിയത്? വിശുദ്ധന്മാരുടെ കൂട്ടായ്മകളുടെ ഏറ്റവും വലിയ പ്രദർശന വേദികളായ ജനറൽ കൺവൻഷനു പോലും തല മൂടി ക്രിസ്തുവിനെ അപമാനിക്കുന്നവരെ വിളിച്ചു കയറ്റി ആദരിക്കുന്ന പുതിയ ശൈലി ഇസബേലിന്റെ ശുശ്രൂഷകന്മാർക്കല്ലെ ചെയ്യാൻ പറ്റൂ? വേർപാടിന്റെ പ്രമാണം കാതിലും കഴുത്തിലും മാത്രമാണെന്ന് ഉപദേശിച്ചും തന്നതും വേറാരാണ്?

**4. കള്ളപ്രവചനത്തോട് ആകർഷണം:**

തുയഥൈരയിലെ സഭയ്ക്ക് ഇസബേലിനെക്കുറിച്ച് മുന്നറിയിപ്പു കൊടുക്കുമ്പോൾ തന്നെ ആദ്യം പറഞ്ഞിരിക്കുന്നത് താൻ ഒരു പ്രവാചകി ആണെന്ന് അവകാശപ്പെടുന്നു എന്നതാണ്. ദൈവത്തിന്റെ പ്രവാചകന്മാരെ എല്ലാം കൊന്നുകളഞ്ഞ ഇസബെൽ ബാലിന്റെ നാനൂറ്റൻപതും അശേരയുടെ നാനൂറും പ്രവാചകന്മാരെയും തീറ്റിപോഷിപ്പിച്ചതായി വായിക്കുന്നു. അപ്പോൾ എല്ലാ പ്രവാചകന്മാരും ദൈവത്തിൽ നിന്നുള്ളതല്ലെന്നു വ്യക്തം. പാപബോധം വരുത്തുന്നതും ആശ്വസിപ്പിക്കുന്നതുമായ സാക്ഷാൽ വചനത്തെക്കാളും പ്രബോധനത്തേക്കാളും എല്ലായ്പ്പോഴും കർണരസമാകുന്നതും പ്രശംസിക്കുന്നതും സുഖിപ്പിക്കുന്നതുമായ കള്ളപ്രവചനം ആയിരിക്കും ഇവളുടെ ദാസന്മാരുടെ തുറുപ്പുചീട്ട്. ശോഭനമായ ഇഹലോകത്തിലെ ഭാവിയെക്കുറിച്ച് മാത്രമുള്ള പ്രവചനവുമായി വീടുകളും സഭകളും കയറി ഇറങ്ങുന്നവർ ഇസബേലിന്റെ ശുശ്രൂഷകന്മാരാണെന്ന് യിരെമ്യാവിന്റെ പുസ്തകം വായിച്ചാൽ പരസഹായം കൂടാതെ ഗ്രഹിക്കാം. ദൈവവചനത്തിനു പുല്ലുവില കല്പിച്ച് ആഴ്ചതോറും കള്ളപ്രവാചകന്മാരെ കയറ്റിയിറക്കുന്ന ഗൾഫിലെ കുറെ സഭകളോട് ഇത്തരുണത്തിൽ സഹതപിക്കാം. അടുത്ത ലക്കത്തിൽ തുടരും...

## 02 വേദ പഠനം...

ക്കുകയും തത്ഫലമായി അവർ മരിക്കുകയും ചെയ്തു. അവർക്കു നല്ല മനസ്സാക്ഷിയില്ലാത്തതുകൊണ്ടാണ് മരണം സംഭവിച്ചത്. സുവിശേഷം കേട്ടിട്ടില്ലാത്ത ജാതികളെ വ്യക്തികളെ ദൈവം മനസ്സാക്ഷിയിലൂടെ ന്യായം വിധിക്കുമെന്നും റോമലേഖനത്തിൽ പൗലോസ് പറയുന്നുണ്ട്. റോമ:2. 14– 15 മനസ്സാക്ഷിയെ ആന്തരീക സാക്ഷ്യമായും അന്തർഭാഗത്തെ ന്യായധിപനായിട്ടുമാണ് പൗലോസ് ചിത്രീകരിക്കുന്നത്. പൗലോസ് തിമൊഥെയൊസിനു കൊടുക്കുന്ന ഉപദേശം നല്ല മനസ്സാക്ഷിയുണ്ടെങ്കിൽ ആരുടെയും മുന്നിലും കൂസൽ ഇല്ലാതെ നിൽക്കുവാനും ശുശ്രൂഷ ചെയ്യുവാനും കഴിയും. അതുകൊണ്ട് നല്ല മനസ്സാക്ഷി നിനക്കു ഉണ്ടായിരിക്കണം എന്നു ഉപദേശിക്കുകയാണ്.

## കല്ലുകടി

# അളിയൻ ഭരണം ബൈബിൾ എന്തു പറയുന്നു

ഐ. പി. സി.ക്കെതിരായ വാർത്ത നൽകുന്ന പെന്തക്കോസ്തു പത്രങ്ങൾക്കെതിരെ നടപടിയെടുക്കും എന്ന കൗൺസിൽ തീരുമാനിച്ചതിനാലാകാം നാറുന്ന വാർത്തകൾ ഇപ്പോൾ വരുന്നത് സെക്കുലർ മാധ്യമങ്ങളിലാണ്. ഐ. പി. സി.യാകയാൽ വാർത്തക്ക് പഞ്ഞമുണ്ടാകില്ലതാനും അണ്ണാൻ മൂത്താലും മരം കയറ്റം മറക്കില്ലല്ലോ. എന്തായാലും ഐ. പി. സി.ക്കു ഇപ്പോൾ കഷ്ടക്കാലം ആണെന്നു തോന്നുന്നു. ഉപവാസപ്രാർത്ഥനയും വെളിപ്പാടുമൊന്നും പണ്ടേപ്പോലെ ഫലിക്കുന്നുമില്ല. ശിംശോന്റെ പിടച്ചിൽ കൊണ്ടൊന്നും ദലീലയുടെ പിടി അയയുന്നുമില്ല. പിന്നെന്താ ചെയ്യുക. ബുദ്ധിജീവികൾ കുശാഗ്രബുദ്ധികളും എല്ലാം തലപുകഞ്ഞാലോചിക്കുകയാണത്രെ. അഴിക്കുന്തോറും കുരുക്കുമുറുകുന്നതായാണ് വാർത്ത. ആമല്ലൂർ കേസ്, പാസ്റ്റർമാരുടെ സസ്പെൻഷൻ. നേതാവിനെതിരെ ചാനലിൽ പാസ്റ്ററുടെ പീഡനാരോപണം ഇങ്ങനെ പോകുമ്പോൾ ഒരു അളിയൻ കാരണം പിന്നെയും പൊല്ലാപ്പ് എത്തിയിരിക്കുന്നു. പ്രായാധിക്യത്തിലായ ഒരു സെന്റർ പാസ്റ്റർക്ക് അനന്തരാവകാശിയായി വാഴിക്കാൻ മകനെ കിട്ടിയില്ല. അപ്പോൾ സിംഹാസനം ആർക്കുകൊടുക്കാം. തൽപ്പര കക്ഷിക്കു സിംഹാസനം കൊടുക്കുന്നതിനു മുന്നോടിയായി ഒരു സ്ഥാനം ബുദ്ധജീവികൾ ഐ. പി. സി.യിൽ ഉണ്ടാക്കിവെച്ചിട്ടുണ്ട്. അസ്സോസിയേറ്റ് സെന്റർ പാസ്റ്റർ (ഈ സ്ഥാനം കിട്ടിയാൽ ഇവരുടെ പ്രാർത്ഥനയിൽ ഉൾപ്പെടാൻ സാധ്യതയുള്ള ഒരു പ്രാർത്ഥന ഇതായിരിക്കും. കർത്താവേ എന്നെ എത്രയും പെട്ടെന്ന് സിംഹാസനത്തിലിരുത്തണേ. ഫലത്തിൽ അത് സെന്റർ പാസ്റ്ററുടെ തല പോകണേ എന്നതായിരിക്കുമല്ലോ).

ഈ സെന്റർ പാസ്റ്റർ പിൻഗാമിയെ വാഴിക്കുന്നതിന്റെ ഭാഗമായി അളിയനെ അസ്സോസിയേറ്റ് ആക്കി മാറ്റി. അസൂയാലുക്കൾ അടങ്ങിയിരിക്കുമോ. നീതി ബോധം സമ്മതിക്കുമോ? ന്യായതൽപ്പരർക്കു മിണ്ടാതിരിക്കാനാകുമോ. ഒടുവിൽ ശരണത്തിനായി ഒരു കക്ഷി കോടിതിയിലെത്തി. ഭരണഘടനയിലില്ലാത്ത ഈ പദവികോടതി റദ്ദാക്കി എന്നു മാത്രമല്ല സെന്റർ പാസ്റ്റർമാർക്കും 3 വർഷം കൂടുമ്പോൾ സ്ഥലംമാറ്റം വേണമെന്നും വിധിച്ചത്രേ.

അളിയൻ ഭരണത്തെ എതിർക്കുന്നവർ വചനം അറിയാത്തവരാണ്. അവർക്ക് വചനനിശ്ചയമില്ലാത്തതിനാലാണ് ആവശ്യമില്ലാത്ത ഈ പൊല്ലാപ്പൊക്കെ ഉണ്ടാക്കിയിരിക്കുന്നത്. പണ്ട് മരുഭൂമിയിലൂടെ മോശ ജനത്തെ നടത്തുന്ന കാലത്തും ഇതുപോലൊരു പ്രശ്നം ഉണ്ടായതാണ്. മോശയുടെ അളിയന്മാരും അമ്മായപ്പനും തന്റെ കൂടെകൂടി. അമ്മായപ്പൻ തിരിച്ചുപോയെങ്കിലും അളിയൻസ് മരുഭൂമിയിൽ കൂടെ നിന്ന് ഭരണത്തിൽ ഇടപെടാൻ തുടങ്ങി. അളിയന്മാരുടെ സഹകരണത്തോടെ ഭരണം നടത്തിയ മോശ പഴയ സ്വാധീമശക്തികളായ മിരിയാമിനെയും അഹരോനെയും അത്ര മൈൻഡു ചെയ്യാതായി. കാര്യം തിരിച്ചറിഞ്ഞ മിര്യാം മോശയുടെ ഭാര്യക്കെതിരെ പട നയിച്ചു. പക്ഷെ ദൈവം മോശയുടെ കൂടെ നിന്നു. എന്നു പറഞ്ഞാൽ അളിയനെ ഒഴിവാക്കാൻ പറഞ്ഞില്ലെന്നർത്ഥം. ഇനിയെങ്കിലും അളിയന്മാരെ വെറുതെ വിട്ടുകൂടെ.

**അടിക്കുറിപ്പ്:** ഗോർബച്ചേവ് USSR ഇല്ലാതാക്കി. മൻമോഹൻസിംഗ് കോൺഗ്രസ് ഇല്ലാതാക്കി. ഐ. പി. സി.യിൽ ഭരണകർത്താക്കൾ ഐ. പി. സി.യോടെന്തു ചെയ്യും. കാത്തിരുന്നു കാണാം.



## ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

38

**Continues..**

LESSON 38

Verbi - ARE, ERE, IRE

| | PRONOMI | PRESENTE | PASSANTO | FUTURO |
|---|---|---|---|---|
| VEDERE | | | | |
| 1. | Lo | Vedo | hovisto/Veduto | Vedro' |
| 2. | Tu | Vedi | hai Visto | Vedrai |
| 3.a | Lui | Vede | ha Visto | Vedra |
| b | egli | Vede | ha Visto | Vedra |
| c | Lei | Vede | ha Visto | Vedra |
| d | ella | Vede | ha Visto | Vedra |
| e | Lei | Vede | ha Visto | Vedra |
| f | Esso | Vede | ha Visto/ Veduto | Vedra |
| 4. | Noi | Vediamo | abbiamo Visto | Vedremo |
| 5. | Voi | Vedete | Avete Visto | Vedrete |
| 6. a | Loro | Vedana | hanno visto | Vedranno |
| b. | Essi | Vedano | hanno visto | Vedranno |

# ഷാർജയിൽ നിന്നും സ്നേഹപൂർവ്വം



വിൽസൺ ജോർജ്ജ്
വടക്കേമുറിയിൽ
(വൈസ് ചെയർമാൻ)

## പ്രവാസികൾ കാത്തിരിക്കുന്നു

നരേന്ദ്രമോദിയുടെ പ്രധാനമന്ത്രി സ്ഥാനത്തേക്കുള്ള ആരോഹണം ഒട്ടൊരത്ഭുതത്തോടെയാണ് ഗൾഫ് രാഷ്ട്രങ്ങൾ നോക്കിക്കണ്ടത്. 3 പതിറ്റാണ്ടിനിപ്പുറം ഒറ്റക്കക്ഷി ഭരണത്തിലേക്ക് രാജ്യത്തെ എത്തിച്ച നരേന്ദ്ര മോദി മാജിക് അത്ഭുതം തന്നെ. പതിറ്റാണ്ടുകളായി ഭാരതസർക്കാരിന്റെ പരിഗണന വേണ്ടത്ര ലഭിക്കാത്ത വിഭാഗമാണ് ഗൾഫിലെ പ്രവാസി ഭാരതീയർ. വർദ്ധിച്ച വിമാനക്കൂലി, യാത്രാ സൗകര്യത്തിലെ അപര്യാപ്തത, തൊഴിൽ നഷ്ടപ്പെട്ടെത്തുന്നവരോടുള്ള അവഗണന ഇതെല്ലാം സ്ഥിരം പരാതികളാണ്. പ്രവാസികൾക്കായി മുൻമന്ത്രി സഭയിലെ ഒരംഗം ഉണ്ടായിരുന്നെങ്കിലും പ്രവാസികൾക്കെന്തു പ്രയോജനം ഉണ്ടായി എന്നു ഗവേഷണം നടത്തേണ്ടിയിരിക്കുന്നു. ഇതിനെല്ലാം മാറ്റം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് ഗൾഫിലെ ഭരതീയ സമൂഹം. ഒപ്പം ഭാരതവികസനം സാക്ഷാത്കരിക്കുമെന്ന പ്രതീക്ഷയും. കാത്തിരുന്നു കാണാം.

## നിയമിച്ചു



**ഡാളസ്:** ഐ. പി. സി. വെച്ചൂച്ചിറ സെന്ററിന്റെ സ്പോൺസർ ഡയറക്ടറായി ബ്രദർ ഏബ്രഹാം പി. ഏബ്രഹാമിനെ നിയമിച്ചു. വെച്ചൂച്ചിറ ഐ.പി.സി സഭാംഗമാണ് ബ്രദർ ഏബ്രഹാം പി. ഏബ്രഹാം.

നോർത്ത് അമേരിക്കൻ പെന്തക്കോസ്ത് കോൺഫറൻസ് നാഷണൽ ട്രഷറാർ, ഐ.പി.സി ഫാമിലി കോൺഫറൻസ് നാഷണൽ ട്രഷറാർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഏബ്രഹാം പ്രവാസി പെന്തക്കോസ്തു സമൂഹത്തിൽ വളരെ സുപരിചിതനാണ്. ഡാളസ് ഐ.പി.സി ഹെബ്രോൻ സഭയുടെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ഏബ്രഹാം ഐ.പി.സി ജനറൽ കൗൺസിൽ ഈ വർഷം രൂപികരിച്ചിട്ടുള്ള വിദേശ മലയാളി കൗൺസിലിന്റെ ട്രഷറാറായും സേവനമനുഷ്ഠിക്കുന്നു. ബ്രദർ ഏബ്രഹാമും സഹധർമ്മിണി സൂസി ഏബ്രഹാമും സുവിശേഷികരണ പ്രവർത്തന മേഖലകളിൽ സജീവ സാന്നിധ്യമാണ്.

## 10 കണ്ടതും കേട്ടതും....

10

ല്ലാം നോട്ടുകെട്ടുകൾ ഉതിർന്നുവീണുപോലും. എല്ലാം "നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ" മൂലം ലഭിക്കുന്നതാണ്. താമസിക്കാനൊരു വീട് എന്നതിലുപരി, പൊങ്ങച്ചം കാണിക്കാനുള്ള ഒരു മാദ്ധ്യമമായി വീടു മാറിയിരിക്കുകയാണ്. ആഭരണമിടുന്നില്ലെങ്കിലും ബാക്കിയുള്ള കാര്യങ്ങളിലൊക്കെ നമ്മൾ മുന്നിൽത്തന്നെയാണ്. ആയിരത്തിനുമേൽ രൂപ വിലയുള്ള ഷർട്ടുകൾ നമ്മൾ ബുദ്ധിമുട്ടുകൂടാതെ വാങ്ങുന്നു. മുന്നൂറു രൂപ വിലയുള്ള ബൈബിളിനു ഡിസ്കൗണ്ടുണ്ടോയെന്നും ചോദിക്കുന്നു. നമ്മൾ അതു ചോദിക്കുമെന്നറിയാവു ന്ന ബൈബിൾ കച്ചവടക്കാരനായ പെന്തെക്കോസ്തുകാരൻ, അമ്പതു രൂപ കൂട്ടിപ്പറയുന്നു. പിന്നെ അതിൽ നിന്ന് ഇരുപതു രൂപ കുറച്ച്, 330 രൂപയ്ക്കു നമുക്കു തരുന്നു. ആ ഇരുപതു രൂപയ്ക്ക്, അപ്പുറത്തെ ബേക്കറിയിൽ നിന്ന് ഒരു പഫ്, ചായ എന്നിവ കഴിച്ചു നമ്മൾ സംതൃപ്തിയടയുന്നു. നമ്മുടെ പോക്കു കണ്ട ബൈബിൾ വ്യാപാരിയും സംതൃപ്തിയോടെ ഇരിക്കുന്നു.

**നീക്കിബാക്കി :** അനിൽ കൊടിത്തോട്ടത്തിന് എന്തു പറ്റി? അദ്ദേഹത്തിന്റെ 'മാദ്ധ്യമവിചാരം' തുടരേണ്ടതാണ്. അടുത്തകാലത്ത് അതു 'വ്യക്തിവിചാര'മായിപ്പോയിട്ടുണ്ടന്നു പറയാതെ വയ്യ. അതുപോലെ നേരത്തേ തന്നെ ചോദിക്കണമെന്നു വിചാരിച്ചതാണ്, 'വിധി' കഴിഞ്ഞിട്ടാണോ 'വിചാരണ'യെന്ന് പറയാനുള്ളഎളുപ്പത്തിനായി ഇങ്ങനെപേരു തിരിച്ചിടണോ? വിചാരണ കഴിഞ്ഞല്ലേ വിധി?

## അസംബ്ലീസ് ഓഫ് ഗോഡ് കോൺഫറൻസ് ഭാരവാഹികൾ



റവ. കെ. സി. ജോൺ
ജോ. കൺവീനർ



ബ്രദ. പി. എസ് . ഫിലിപ്പ്
ജോ. സെക്രട്ടറി



ബ്രദ. റോബിൻ ജോൺ
യൂത്ത് കോർഡിനേറ്റർ

## ബൈക്കപകടം പാസ്റ്ററുടെ ഭാര്യ മരിച്ചു



**കണ്ണൂർ:** ഇരിട്ടി ശ്രീകണ്ഠാപുരം ബെഥേൽ ഗോസ്പൽ അസംബ്ലി സഭാ ശുശ്രൂഷകൻ പാസ്റ്റർ ആന്റണിയുടെ ഭാര്യ ഗ്രേസി ആന്റണി (51) ബൈക്കിടിച്ച് മരിച്ചു. ജൂൺ 1-ാംതീയതി ഞായറാഴ്ച രണ്ടു സ്ഥലങ്ങളിലായി നടക്കുന്ന സഭാ ആരാധന നടത്തിയശേഷം ഭവനസന്ദർശനവും കഴിഞ്ഞ് വൈകുന്നേരം താമസസ്ഥലത്തേക്ക് നടന്നുവരുമ്പോൾ പുറകിൽ നിന്ന് വന്ന ബൈക്ക് ഇടിക്കുകയായിരുന്നു. പരിക്കേറ്റ ഗ്രേസി പരിയാരം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചെങ്കിലും ജൂൺ 2-ാം തീയതി മരണമടഞ്ഞു. പത്തനംതിട്ട സ്വദേശിനിയാണ്. സംസ്കാരം നടത്തി.

## വിധിയും വിചാരണയും

# ഒരു പത്രപ്രവർത്തകന്റെ വധശിക്ഷ...?



രാജൂ ആനിക്കാട്

**"ഞങ്ങളെക്കുറിച്ച് അപവാദം എഴുതി പ്രചരിപ്പിച്ച പത്രമോ പത്രക്കാരനോ ഇന്ന് ഭൂമുഖത്തില്ല. ഓർക്കാപ്പുറത്ത് മദ്ധ്യായുസ്സിൽ എടുക്കപ്പെട്ടതിനാൽ തന്റെ തെറ്റുകളോർത്ത് അനുതപിക്കുവാൻ പോലും അയാൾക്ക് അവസരം ലഭിച്ചില്ല. അയാളുടെ വീട്ടിൽ നിന്നും അനേക കിലോമീറ്ററുകൾ ദൂരെ, ഞങ്ങളുടെ താമസസ്ഥലത്തിനടുത്തു കൊണ്ടുവന്നാണ് ദൈവം വധശിക്ഷ നൽകിയത് എന്നോർക്കുമ്പോൾ ദൈവപ്രവൃത്തിയുടെ ഭയങ്കരത്വമാണ് ഞാൻ വീക്ഷിക്കുന്നത്. തന്റെ കുടുംബംപോലും ശാപഗ്രസ്തമായ അവസ്ഥയിലാണ്. പിതാവു ജീവിച്ചിരിക്കെ തന്നെ യുവാവായ മകൻ മരണമടഞ്ഞു. വിവാഹപ്രായം കഴിഞ്ഞ പെൺമക്കൾ".**

ഒരു പെന്തെക്കോസ്ത് പത്രപ്രവർത്തകയുടെ ആത്മകഥയുടെയിടയിലെ ഒരു ഭാഗമാണ് മേൽ പ്രസ്താവന. എനിക്ക് വധശിക്ഷ ഏറ്റയാളോടും ജീവിച്ചിരിക്കുന്നവരോടും പ്രത്യേക വിരോധമോ സ്നേഹമോ ഇല്ല. എന്നാൽ ഈ പ്രസ്താവനയിൽ കൈകാര്യം ചെയ്യുന്ന ദൈവശാസ്ത്രത്തോട് എനിക്ക് വിയോജിപ്പും വെറുപ്പും ഉള്ളതുകൊണ്ട് പെന്തെക്കോസ്തർക്കു വേണ്ടി അതൊന്നു ചർച്ച ചെയ്യുന്നതിൽ സന്തോഷമുണ്ട്.

### ചില ചോദ്യങ്ങൾ

1) ഓർക്കാപ്പുറത്തു അല്ലാതെ, ഓർപ്പിച്ചാണോ മരണം വരുന്നത്?

2) മദ്ധ്യായുസിൽ എടുക്കപ്പെടുന്നത് ശാപമാണോ?

3) അങ്ങനെയുള്ളവർ തെറ്റുകളെ ഓർത്ത് അനുതപിച്ചില്ലെന്ന് തെളിയിക്കാനാകുമോ?

4) മരണം ദൈവം നൽകുന്ന വധശിക്ഷയാണോ?

5) പിതാവ് ജീവിച്ചിരിക്കെ യുവാവായ മകൻ മരണമടയുന്നത് ശാപമാണോ?

6) വിവാഹപ്രായം കഴിഞ്ഞ പെൺമക്കൾ ശാപമാണോ?

ഇതിനെല്ലാം ഉത്തരം നൽകുകയല്ല ഈ കുറിപ്പ്കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ ആത്മകഥയിലൂടെ ഒരുതരം ആത്മ സംതൃപ്തി അനുഭവിക്കുന്നവർ പ്രചരിപ്പിക്കുന്ന ആശയം ബൈബിൾ വിരുദ്ധമാണെങ്കിൽ ഇവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനമെങ്കിലും ഇത്തരം കാര്യങ്ങളുടെ അബദ്ധങ്ങൾ പൊതുജനത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതുണ്ടാകും എന്ന് എനിക്ക് തീരെ ചിന്തയില്ല. പെന്തെക്കോസ്തിനെ അതിന്റെ മുഖ്യധാരയിൽ പ്രതിനിധീകരിക്കുന്നവർ പോലും തികച്ചും അബദ്ധവും യുക്തിരഹിതവുമായ കാര്യങ്ങളുടെ പ്രചാരകരായിരിക്കുന്നു എന്നതിന് ഇതിൽപരം ഒരു തെളിവ് വേണോ? പെന്തെക്കോസ്തു സമൂഹം ബൈബിൾ ഉപദേശ - തത്വങ്ങളിൽ നിന്നും കരകയറാനാകാത്തവിധം ആഴത്തിലേത്തു നിപതിക്കുകയാണ്.

വിശ്വാസം ഒരിക്കലും യുക്തി നിബദ്ധമായിരിക്കുകയില്ല. അത് യുക്തിക്കതീതമാണ്. അത് ശാസ്ത്രീയ തെളിവുകളുടെ പരിമിതിക്കപ്പുറമായിരിക്കും. അതുകൊണ്ട് "വിശ്വാസം അതല്ലേ എല്ലാം" എന്നു വിശ്വസിക്കുന്ന പെന്തെക്കോസ്തുകാർ ഇതെല്ലാം വിശ്വസിക്കും. എന്നാൽ ശാസ്ത്രീയതയും യുക്തിബോധവും ബൈബിൾ വിരുദ്ധ ചേരിയിലല്ലാത്തതുകൊണ്ട് ലഭ്യമായ ശാസ്ത്ര-യുക്തി ബോധങ്ങൾ വെച്ചുകൊണ്ട് ചില വിശ്വാസ വിഷയങ്ങളെ അപഗ്രഥിക്കാൻ നാം തയ്യാറാകേണം.

നമുക്കെതിരെ ആരെങ്കിലും വാസ്തവമോ വാസ്തവവിരുദ്ധമോ ആയ കാര്യം പ്രചരിപ്പിച്ചാൽ ഉടൻ ദൈവം അവർക്ക് വധശിക്ഷ നൽകും എന്നതിൽ എന്ത് യുക്തിയാണുള്ളത്. അല്ല, അങ്ങനെ ദൈവം ശിക്ഷിക്കും എന്ന് സമ്മതിച്ചാൽ തന്നെ ആ ക്രൂരവധശിക്ഷ കണ്ടും കേട്ടും പ്രചരിപ്പിച്ചും ആത്മസുഖം കണ്ടെത്തുന്ന ഒരാളെ ദൈവം ഹാരമണിയിക്കുമോ? എനിക്കറിഞ്ഞുകൂടാ.

പ്രീയമുള്ളവരേ, ഇത്തരം സിദ്ധാന്തമൊന്നും ബൈബിളിലില്ല. ജാനിയും മൃതിയുമൊക്കെ നിയന്ത്രിക്കുന്നത് ദൈവമാണ്, അതിന്റെയൊക്കെ പരമാധികാരിയും അവിടുന്നുതന്നെ. അവയുടെയെല്ലാം പിതൃത്വം ഏറ്റെടുത്തു പരിഹാസ്യരാകാതിരിക്കുകല്ലേ നല്ലത്. ദൈവം മരണം ഉൾപ്പെടെയുള്ള ശിക്ഷവിധിക്കാൻ സാധ്യതയുണ്ട്. അതിനുള്ള അധികാരമുണ്ട്. പക്ഷേ അത് നമ്മെ ദ്രോഹിച്ചതുകൊണ്ടോ നമ്മുടെ പ്രാർത്ഥനകൊണ്ടോ ആണെന്നു പറയുന്ന ചിന്തയോട് ബൈബിൾ യോജിക്കുന്നില്ല. ആ മാനസികാവസ്ഥ ഗൗരവമായി ചികിത്സിക്കപ്പെടേണ്ടതാണ്. ഇങ്ങനെ പറയുന്ന നാം അകാലത്തിൽ മരിക്കയില്ലെന്നു ഉറപ്പുണ്ടോ? വിശ്വാസത്തിന്റെ പേരിൽ ഇത്തരം അന്ധവിശ്വാസങ്ങളെ പ്രചരിപ്പിക്കാൻ പാടില്ല.

ഇന്നത്തെ പെന്തെക്കോസ്തുകാരന്റെ ഈ മാനസികാവസ്ഥയോടു ചേർന്നു നിൽക്കുന്ന ഒരു നിരീക്ഷണം. "പണ്ടൊക്കെ ദൈവം നന്മയുടെ ഭാഗത്താണെന്ന് വിശ്വസിച്ചിരുന്നെങ്കിൽ, ഇന്ന് വേണ്ട വിധത്തിൽ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്താൽ ഏത് തിന്മയ്ക്കും കൂട്ടുകൂടുന്ന വാടകഗുണ്ടയായി ദൈവത്തെ സങ്കൽപ്പിക്കുന്നവർ പെരുകുന്നു. അത്യന്തം ഉത്കണ്ഠാജനകമാണ് വിശ്വാസത്തിൽ വന്നിട്ടുള്ള ഈ ചുവടുമാറ്റം. നന്മയ്ക്കും തിന്മയ്ക്കും ഒരുപോലെ സഹായമേകുന്ന ദൈവം അഴിമതി വീരനായ ഒരു മൂന്നാംകിട രാഷ്ട്രീയകാരനിൽ നിന്നും എങ്ങനെ വ്യത്യസ്തനാകും (കെ. ബാബു ജോസഫ്, മാതൃഭൂമി).

ഇവിടെ ഇന്ന് ശാസ്ത്രീയവും ശാസ്ത്രേതരവുമായ വിജ്ഞാന ശാഖകൾ ഉണ്ട്. ശാസ്ത്രീയ വസ്തുതകൾ വിശ്വാസവിരുദ്ധമാണെന്ന ഒരു ധാരണ പൊതുവേയുണ്ട്. ശാസ്ത്ര ഗവേഷണം തികച്ചും യുക്തിക്ക് കീഴ്പ്പെട്ടുകൊണ്ടുള്ള ഒരു അന്വേഷണ പ്രക്രീയയാണ്. ചോദ്യം ചെയ്യലും നിരീക്ഷണ പരീക്ഷണ വിശദീകരണ നടപടികളിലൂടെയുമാണ് അത് മുന്നേറുന്നത്. ബൈബിൾ ശാസ്ത്രീയവും യുക്തിഭദ്രവും വിശ്വാസാധിഷ്ഠിതവുമായ വിഷയങ്ങളെ ഒരേപോലെ അവതരിപ്പിക്കയും അവയെ പിൻതാങ്ങുകയും ചെയ്യുന്ന ഗ്രന്ഥമാണ്.

ക്രിസ്തുവിനെ അനുകരിച്ച് അലയാഴിയിൽ നടന്ന പത്രോസ് ഒരു ഘട്ടത്തിൽ മുങ്ങിത്താണു. അതിൽ ആരും അതിശയിക്കേണ്ടതില്ല. അത് ശാസ്ത്രമാണ്, പ്രകൃതി നിയമമാണ്. മനുഷ്യന്റെ യുക്തിയിൽ അതങ്ങനെ തന്നെയാണ് സംഭവിക്കേണ്ടത്. എന്നാൽ പിന്നീട് അദ്ദേഹം വെള്ളത്തിന്മേൽ നടന്നു എന്നതാണ് ശാസ്ത്ര- യുക്തികളെ മറികടന്ന് ബൈബിൾ ഉയർത്തിപ്പിടിക്കുന്ന വിശ്വാസത്തിന്റെ പ്രവൃത്തി. ആദ്യത്തേത് രണ്ടും തള്ളി. വിശ്വാസത്തെ മാത്രം കാണുന്നിടത്താണ് ബൈബിൾ മുമ്പോട്ടു വെയ്ക്കുന്ന ആശയവും ഇന്നത്തെ വിശ്വാസികൾ പിന്തുടരുന്ന ധാരണയും തമ്മിലുള്ള വൈരുദ്ധ്യം.

പെന്തക്കോസ്തരുടെയിടയിലും മുഹൂർത്തം, കാലം ദിവസം എന്നിവയൊക്കെ പ്രത്യേകം ഭാഗ്യം കൊണ്ടുവരും എന്ന വിശ്വാസം പെരുകുന്നുണ്ട്. ജനനസമയം മനുഷ്യന്റെ സ്വഭാവത്തെയും ഭാവിയെയും നിർണ്ണയിക്കുന്നു എന്ന് ധരിക്കുന്നവരും ഇവിടേയും വർദ്ധിക്കുന്നു. എന്നാൽ ഈ വിശ്വാസങ്ങൾ ഒന്നും ശാസ്ത്രീയമായോ യുക്തിപരമായോ തെളിയിക്കപ്പെട്ടിട്ടില്ല. അതേപോലെ രോഗ-മരണ അപ്രീയ വസ്തുതകളെ ദൈവകോപത്തിന്റെ പട്ടികയിൽപെടുത്തുന്ന പെന്തക്കോസ്തു മനശാസ്ത്രം രോഗാതുരമാണ്. ദുഃഖ- ദുരിത ദുരന്തങ്ങൾ എല്ലാം ദൈവകോപത്തിന്റെ കനലെരിയുന്നതാണെന്ന ചിന്ത അയുക്തികവും അശാസ്ത്രീയവുമാണെന്നു പറയാൻ കാരണം ഇവയൊന്നും ഒരു കൂട്ടരെ മാത്രം ബാധിക്കുന്ന സംഗതികളല്ലല്ലോ.

അങ്ങനെയെങ്കിൽ മുല്ലപ്പെരി

09

# ഡോ.കോര സംസാരിക്കുന്നു



1. സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടെന്നു ഓവർസിയർ. പിരിച്ചു വിട്ടില്ലെന്നും ഓവർസിയർ. ഇതുരണ്ടും ഒരു ഓവർസിയർ തന്നെയാണോ കോരെ. – **സാംസൺ ചെങ്ങന്നൂർ**

*ഒരു നല്ല നേതാവ് സ്വന്ത അഭിപ്രായത്തിലും തീരുമാനത്തിലും ഉറച്ചു നിൽക്കും. കാര്യം പിടികിട്ടിയല്ലോ.*

2. ഐ. പി. സി.യിൽ അസ്സോ. സെന്റർ പാസ്റ്റർ തസ്തിക കോടതി നിർത്തലാക്കിയെന്ന് കേട്ടല്ലോ കോരേ? – **എബി കുമ്പനാട്**

*അതു ചിലർക്കുപകാരമായെന്നും കേട്ടു. അതിനാൽ ചിലർ സെന്റർ പാസ്റ്ററായത്രെ.*

3. ഓവർസിയർ കോടതിയിൽ നൽകിയത് വ്യാജസത്യവാങ്മൂലമെന്ന് കേൾക്കുന്നത് ശരിയാണോ കോരേ? – **മോൻസി മുളക്കുഴ**

*കോരയും അങ്ങനൊക്കെ കേൾക്കുന്നു. വ്യാജമാണെങ്കിൽ അതിന് സത്യവാങ്മൂലമെന്ന് പറയാൻ പറ്റുമോ എന്നേ സംശയമുള്ളൂ.*

4. കുമ്പനാട് ഹെബ്രോൻപുരത്തെ കെട്ടിടത്തിന്റെ പണികൾ ഇപ്പോൾ നടക്കാത്തതെന്താ കോരേ? – **സുബിൻ, കുമ്പനാട്**

*ഇപ്പോൾ ശൈത്യകാലമാകയാൽ (പിരിവിന് യോജിക്കാത്ത കാലം) പണി നടക്കുന്നില്ല എന്നേയുള്ളൂ. ഇനിയൊരു കൊയ്ത്തുകാലം വരുന്നുണ്ട് (ജനറൽ കൺവൻഷൻ കാലം). അന്ന് ഇതുപോലെയൊക്കെ പണി നടക്കും.*

## 01 ശാരോൻ ഫെലോഷിപ്പ്.....



റവ. ജോൺ പീറ്റർ
വൈസ് പ്രസിഡന്റ്



ജയിംസ് ഉമ്മൻ
ജോ. സെക്രട്ടറി



പാ. തേജസ് പി. തോമസ്
മീഡിയാ



ഫിന്നി മാത്യു



കോശി ഉമ്മൻ

(വൈസ് പ്രസിഡന്റ്), വർഗീസ് ജേക്കബ് (സെക്രട്ടറി), ജയിംസ് ഉമ്മൻ (ജോ. സെക്രട്ടറി), രാജു ജോൺ (ട്രഷറർ), പാസ്റ്റർ തേജസ് പി. തോമസ് (മീഡിയാ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി കോൺഫറസിന് നേതൃത്വം നൽകുന്നു. വില്യം ലീ, ഫിന്നി മാത്യു, കോശി ഉമ്മൻ തുടങ്ങിയവർ പ്രസംഗിക്കുന്നു. ചിക്കു കുര്യാക്കോസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് 847-702-4344.

# അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

## ഐ. പി. സി.യിൽ വേണ്ടത് പ്രശ്നപരിഹാരം

കുമ്പനാട് നിന്ന് കേൾക്കുന്ന വാർത്തകളൊന്നും ദൈവമക്കൾക്ക് സന്തോഷം പകരുന്നതല്ല. നമ്മുടെ പിതാക്കന്മാരുടെ കാലത്തും സഭ ഇത്തരം പ്രതിസന്ധിഘട്ടങ്ങളിലൂടെ പോയിട്ടുണ്ട്. പ്രാർത്ഥനാപൂർവ്വമായ ഇടപെടലുകളിലൂടെ പ്രശ്നപരിഹാരം വരുത്തുവാനാണ് അവരൊക്കെ ശ്രമിച്ചിട്ടുള്ളത്. പൊതുജനമദ്ധ്യേ നേതാക്കന്മാരെയും പ്രസ്ഥാനത്തെയും ശുശ്രൂഷകരെയും ഇകഴ്ത്തുന്ന വാർത്തകൾ സെക്കുലർ മാധ്യമങ്ങളിൽ തുടർച്ചയായി വരുന്നത് ആശാസ്യമല്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. സഭയുടെ നിയമങ്ങൾ അനുസരിക്കുവാനും ആത്മീയത കൈവിടാതെ മാത്രം പ്രതികരിക്കുവാനും പ്രവർത്തകർക്ക് കഴിയണം. കാലഘട്ടത്തിനനുസൃതമായും ദൈവവചനത്തിനു നിരക്കുന്ന നിലയിലും ഭരണപരിഷ്കാരം നടപ്പിലാക്കുകയും ശുശ്രൂഷകർക്കും നേതാക്കന്മാർക്കും തുടർമാന വിദ്യാഭ്യാസപദ്ധതി ഉണ്ടായിരിക്കുകയും വേണം. ഫീൽഡിൽ ദൈവദാസന്മാർ അനുഭവിക്കുന്ന വേദനകൾ ഉൾക്കൊള്ളുവാനും അറിയുവാനും നേതൃത്വത്തിനു കഴിയണം. നേതൃത്വത്തെ ബഹുമാനിക്കുവാനും അംഗീകരിക്കുവാനുമുള്ള മനോഭാവം ശുശ്രൂഷകർക്കും വിശ്വാസികൾക്കും ഉണ്ടായിരിക്കണം. അനുഭവസമ്പന്നരായ സീനിയർ ശുശ്രൂഷകരുടെ അഭിപ്രായംകൂടി തേടുകയും അനുരജ്ഞനത്തിന്റെ പാതയിൽ മുമ്പോട്ടുപോകുകയും ചെയ്താൽ സഭയ്ക്ക് അനുഗ്രഹമാകും.

പരസ്പരം പോരടിക്കുമ്പോൾ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന് പൊതുജനമദ്ധ്യേ ഉണ്ടാകുന്ന ദോഷങ്ങൾ വളരെ വലുതാണ്. സമുദായസ്ഥരായി പല സ്നേഹിതരും സഭയുമായി ബന്ധപ്പെട്ടുണ്ടായ വാർത്തകൾ വായിച്ചും ടി.വി. കണ്ടും എന്നോട് സംസാരിക്കുകയുണ്ടായി. നമ്മുടെ പിതാക്കന്മാർ ത്യാഗത്തോടെ കെട്ടിപണിത പ്രസ്ഥാനമാണ് ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭ. അത് പുഷ്ടിയോടെ നിലനിൽക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിനെ തകർക്കുക എന്നത് പൈശാചിക തന്ത്രവും. അത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടത് നമ്മൾ തന്നെയാണ്.





BETHEL MEDICAL GROUP OF NURSING COLLEGES
BANGALORE – 560 058 PHONE: 08589997777
Bethel Medical Institute of Nursing Science 1997
REGIONAL OFFICE: ROOM NO. 14, 1ST FLOOR, REVENUE TOWER, THIRUVALLA – 689 101PH: 0469 270 7007, MOB: 0974 515 7007
COURSES OFFERED: GENERAL NURSING, B.Sc NURSING, POST B.Sc NURSING, M.Sc NURSING, B.P.T., M.P.T., B.Sc O .T., B.Sc RADIOLOGY
OUR INSTITUTIONS: BETHEL MEDICAL INSTITUTE OF NURSING SCIENCES 18-15/2335 INC
HOSMAT HOSPITAL COLLEGE OF NURSING 18-/15/4075 INC
VALLEY SCHOOL OF NURSING 18-15/1366 INC
BEST RESULT, 100% PLACEMENT, SPIRITUAL ATMOSPHERE, UP TO 50% FEES CONCESSION & EDUCATION LOAN AVAILABLE

## 01 ചർച്ച് ഓഫ് ഗോഡിന് കേരളത്തിൽ......

ഷംകൊണ്ട് 31 സഭകൾ ഉടലെടുത്തു. 1972–ൽ ഡിവിഷൻ രൂപീകൃതമായി. 35 സഭകൾ കേരളാ ഡിവിഷനോട് ചേർന്നു. 1978ൽ എം. വി. ചാക്കോ സാർ ചുമതലയേക്കുമ്പോൾ 118 സഭകൾ ഉണ്ടായിരുന്നു. 1988–ൽ ചാക്കോസാർ വിരമിക്കുമ്പോൾ 220 സഭകൾ ഉണ്ടായി. 10 വർഷം കൊണ്ട് 102 സഭകൾ ഉണ്ടായി. 1988 മുതൽ 2000 വരെയുള്ള പാസ്റ്റർ പി. എ. വി. സാമിന്റെ 12 വർഷം ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിലെ സഭാമുന്നേറ്റത്തിന്റെ കാലഘട്ടമായിരുന്നു. പാസ്റ്റർ പി. എ. വി. സാമിന്റെ ഭരണപാടവവും മിഷൻ കാഴ്ചപ്പാടും ദൈവസഭയുടെ ചരിത്രം മാറ്റിമറിച്ചു.

ദൈവസഭ കണ്ട ഏറ്റവും കരുത്തനായ ഓവർസിയർ ആയിരുന്നു പാസ്റ്റർ പി. എ. വി. സാം. മിഷൻ കേന്ദ്രീകൃതമായ തന്റെ ഭരണം സഭാവളർച്ചയെ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു. തന്റെ ദൗത്യദർശനം, നേതൃത്വ രൂപീകരണം, കൃപാവരശുശ്രൂഷ, ഘനശാലിത്വം, അടിയുറച്ച വിശ്വാസം, വിഭവസമാഹരണം, സംഘാടനം, ഭാഷാവൈദഗ്ധ്യം ഇവയെല്ലാം ഭരണത്തിന്റെ വേഗത വർദ്ധിപ്പിച്ചു. സ്റ്റേറ്റ് ബോർഡ്, അധികാരവികേന്ദ്രീകരണം, സി. ജി. കെ. എം. ഫണ്ട്, പെൻഷൻ സ്കീം, ഡി. പി. കോൺഫറൻസുകൾ, വർക്കേഴ്സ് കോൺഫറൻസ്, ന്യൂമിനിസ്റ്റേഴ്സ് ട്രെയിനിംഗ് കോഴ്സ്, പ്രതിപുരുഷ സമ്മേളനം, സോണൽ വിഭജനം, സിറ്റി മിഷൻസ്, മലബാർ, തെക്കൻ മേഖലയ്ക്ക് കൗൺസിൽ പ്രാതിനിധ്യം, 1990ൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം ബൈബിൾ കോളേജ്, 1991–ലെ സ്വന്തമായ സ്റ്റേഡിയം, ചാരിറ്റബിൾ സ്കീം, തീവ്രയത്ന ബിൽഡിംഗ് ഫണ്ട് കളക്ഷൻ തുടങ്ങിയ നവീന പദ്ധതികൾ ആവിഷ്കരിച്ചു. ഭാവനാപൂർണ്ണമായ പദ്ധതികൾ നടപ്പിലാക്കി ദൈവസഭയ്ക്ക് മറ്റ് പ്രസ്ഥാനങ്ങളുടെ ഇടയിൽ തലയുയർത്തി നിൽക്കാൻ അവസരം ഒരുക്കി. പാസ്റ്റർ പി. എ. വി. സാമിനുശേഷം മിഷൻ കാഴ്ചപ്പാടുള്ള നേതൃത്വം ഉണ്ടായിട്ടില്ല. 1988–ൽ പി. എ. വി. സാം ചുമതലയേൽക്കുമ്പോൾ 220 സഭകളാണ് ഉണ്ടായിരുന്നത്. എന്നാൽ 12 വർഷംകൊണ്ട് 750ന് മുകളിൽ സഭകൾ ഉണ്ടായി. ഏറ്റവും വലിയ സഭാ വളർച്ചയുടെ കാലഘട്ടമായിരുന്നു. “ഒരു ഡിസ്ട്രിക്ട് ഒരു വർഷം 5 പുതിയ പ്രവർത്തനം ആരംഭിക്കണമെന്ന് നിർദ്ദേശം നൽകി”. 350ൽ അധികം സഭാഹാളുകളും പാഴ്സനേജുകളും അദ്ദേഹം പണി കഴിപ്പിച്ചു. കേരളത്തിന്റെ പ്രധാനപ്പെട്ട സിറ്റികളിൽ ദൈവസഭയ്ക്ക് അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടായി. സഭാവളർച്ചയെക്കുറിച്ച് വ്യക്തമായ പഠനം നടത്തിയിരുന്ന പി. എ. വി. സാമിന്റെ മിഷൻ സ്ട്രാറ്റജി പിന്നീട് ആരും ഏറ്റെടുത്തില്ല. അദ്ദേഹത്തിന്റെ അവസാനനാളുകൾ സംഘർഷഭരിതമായിരുന്നു. കുമ്പനാട് ഫ്രാക്ഷന്റെ ലയനത്തോടെ ചുമതല ഏറ്റെടുത്ത പാസ്റ്റർ വി. സി. ഇട്ടിയ്ക്ക് ദൈവസഭയെക്കുറിച്ച് ഒട്ടനവധി സ്വപ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും തന്റെ കാലാവധി തികയ്ക്കാതെ വേല തികച്ച് വിശ്രമത്തിലേക്ക് പ്രവേശിച്ചു.

2000 മുതൽ 2008 വരെയുള്ള കാലഘട്ടങ്ങളിൽ സഭവളർച്ച ഉണ്ടായില്ല. ‘പണമില്ലാത്തതിനാൽ പുതിയ പ്രവർത്തനങ്ങൾ തുടങ്ങരുത്” എന്ന് പോലും പറയേണ്ടി വന്നു. അനാഥശാലയും കണ്ണൂരിലെ ബൈബിൾ കോളേജും മാത്രമാണ് ഏകനേട്ടം. 2008 മുതൽ ചുമതല ഏറ്റെടുത്ത പാസ്റ്റർ എം. കുഞ്ഞപ്പിയുടെ കാലഘട്ടത്തിൽ സ്ഥാപനവത്ക്കരണത്തിനായിരുന്നു പ്രധാനമായും ഊന്നൽ. ഓഫീസ് കോംപ്ലക്സ് പണിത് പൂർത്തീകരിച്ചു. 2012 അവസാനം ചുമതലയേറ്റ പാസ്റ്റർ പി. ജെ. ജെയിംസിന്റെ ഭരണത്തിൽ വ്യത്യസ്തമായ പദ്ധതികൾ ഒന്നും തന്നെയില്ല. 2000 മുതൽ 2014 വരെയുള്ള 14 വർഷം സഭാ വളർച്ച മന്ദഗതിയിലാണ്. പി. എ. വി. സാമിന്റെ 12 വർഷത്തെ വളർച്ച ഈ 14 വർഷം കൊണ്ട് ഉണ്ടായിട്ടില്ല.

സഭാവളർച്ചയെ പിന്നോട്ടടിക്കുന്ന കാരണങ്ങൾ എന്താണ്? മിഷൻ കാഴ്ചപ്പാടില്ലാത്ത നേതൃത്വമാണ് പ്രധാനകാരണം. ശുശ്രൂഷകന്മാർക്ക് ദൗത്യപരിശീലനം നൽകുന്നില്ല. ഡിസ്ട്രിക്ട് പാസ്റ്റർമാർക്കും പ്രാദേശിക സഭകൾക്കും സ്വാതന്ത്ര്യം നൽകുന്നില്ല. ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനമില്ല. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നില്ല. സഭാസ്ഥാപനം, സഭാവളർച്ച, മിഷൻ സ്ട്രാറ്റജി, സ്കിൽ ഡവലപ്പ്മെന്റ്, ക്രോസ് കൾച്ചറൽ ഇവാഞ്ചലിസം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം ആവശ്യമാണ്. ഓരോ വർഷം കഴിയുന്തോറും സഭകൾ ഇല്ലാതാകുന്നുണ്ട്. അനാവശ്യമായ പിളർപ്പ്, വിശ്വാസികളുടെ കൊഴിഞ്ഞുപോക്ക് ശുശ്രൂഷകന്മാരുടെ കാര്യക്ഷമതയില്ലായ്മ ഇവയെല്ലാം ഗൗരവമേറിയ വിഷയങ്ങളാണ്. മലബാർ, ഹൈറേഞ്ച് മേഖലകളിൽ കാര്യമായ പ്രവർത്തനം നടക്കുന്നില്ല. പാലക്കാട്, വയനാട് ജില്ലകളിൽ സഭാ വളർച്ചയില്ല. തീരദേശ, ആദിവാസി മേഖലയ്ക്കുവേണ്ടി പ്രത്യേക മിഷൻ പ്രോജക്ടുകൾ ഇല്ല. ജനങ്ങളുടെ പ്രശ്നങ്ങളിൽ സാമൂഹിക ഇടപെടൽ നടത്താവുന്ന യാതൊരു ജീവകാരുണ്യ പ്രവർത്തനങ്ങളോ സ്ഥാപനങ്ങളോ ഇല്ല.

ഊതി പെരുപ്പിച്ച കണക്കുകളാണ് പ്രസിദ്ധപ്പെടുത്തുന്നത്. വീടുകളിലെ സഭ, രണ്ടും മൂന്നും കുടുംബങ്ങളുള്ള സഭ, മിഷൻ സ്റ്റേഷനുകൾ എല്ലാം ലിസ്റ്റിൽ സഭകളാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന ‘സ്വതന്ത്ര’സഭകളെ ചാക്കിട്ട് പിടിച്ച് കൂടെ ചേർത്താൽ സഭാവളർച്ചയാകുമോ? ഓരോ വർഷവും സഭകൾ പിളർന്ന് ഉണ്ടാകുന്ന ‘കഷണങ്ങൾ’ സഭയാകുമോ? മറ്റ് സഭകൾ പുറത്താക്കുന്നവരെ തല്ലിക്കൂട്ടി സഭയുണ്ടാക്കിയാൽ വളർച്ചയാകുമോ? ‘കൺവേർഷൻ ഗ്രോത്ത്’ നടക്കുന്നില്ല എന്നതാണ് സത്യം.

ചർച്ച് ഓഫ് ഗോഡിലെ വലിയ സഭകൾ എന്ന് കൊട്ടിഘോഷിക്കുന്ന സഭകൾ ന്യൂജനറേഷൻ സ്വഭാവമുള്ളതാണ്. ക്ലാസിക്കൽ പെന്തെക്കോസ്ത് സഭകളല്ല. കത്തീഡ്രൽ സംസ്കാരവും ബിസിനസ് ഗ്രൂപ്പുകളുടെ വളർച്ചയുമല്ല സഭാവളർച്ച. കമ്പോള കാലത്തെ കോർപ്പറേറ്റ് വളർച്ച ഗുണപരമായ (quality growth). വളർച്ചയല്ല. ഇത് 9 തെറ്റായ വളർച്ചയാണ് (abnormal growth) ആണ്. അസോസിയേറ്റ് പാസ്റ്റർമാരുള്ള, നേതാക്കന്മാരെ ഉണ്ടാക്കുന്ന, സെൽ ഗ്രൂപ്പുകളുള്ള സഭകളാണ് വളരുന്നത്. 5 വർഷത്തിൽ കൂടുതൽ ഒരു പാസ്റ്റർ സ്ഥിരമായി ഇരിക്കുന്ന സഭകൾക്കാണ് വളർച്ച ഉള്ളത്. കൂടെ കൂടെയുള്ള സ്ഥലംമാറ്റം സഭാവളർച്ചയെ ബാധിക്കും. നൂറുവർഷം പിന്നിടുന്ന ഇന്ത്യയിലെ ദൈവസഭയുടെ വളർച്ച പടവലങ്ങപോലെ താഴോട്ടാണ്. ഐ. പി. സി.യ്ക്ക് കേരളത്തിൽ 3000 സഭകളുണ്ട്. ഏ. ജി., റ്റി. പി. എം. തുടങ്ങിയ മറ്റ് പ്രസ്ഥാനങ്ങളും മുന്നേറ്റത്തിലാണ്. ദൗത്യദർശനവും ആത്മഭാരമുള്ള നേതൃത്വവും ശുശ്രൂഷകന്മാരും എഴുന്നേൽക്കാൻ നമുക്ക് പ്രാർത്ഥിക്കാം. അഴിമതിയും അധികാരമുൻവിനിയോഗവും അപ്രമാദിത്വവും പകയും കൈമുതലാക്കി ജനത്തെ ഭരിച്ചാൽ സഭ അധോഗതി പ്രാപിക്കും. മിഷൻ ഫീൽഡുകൾ ഉണങ്ങിവരണ്ട വരട്ടാറുപോലെയായിരിക്കുന്നു. പുതിയ നീരൊഴുക്ക് ഉണ്ടാകുന്നില്ല.

### ലേഖനം അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

മറ്റ് മാസികകളിലോ വെബ്സൈറ്റുകളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങളോ കവിതകളോ ദയവായി അയയ്ക്കരുത്. ഒന്നിലധികം പത്രങ്ങൾക്ക് ഒരുപോലെ ഒരേ ലേഖനം അയച്ചാൽ അത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല.

പത്രാധിപർ

JOSCO
MULTI SPECIALITY HOSPITAL
(Christian Minority Institution)
Edappon - Josco Junction, Pandalam, Kerala State, India
Tel : 0091 479 - 2374982, 2374870, Tel Fax : 0091 479 - 2374942
e-mail : joscohospital@yahoo.com, website : www.joscohospital.com
300 BEDDED MULTI SPECIALITY HOSPITAL PROPOSED FOR MEDICAL AND DENTAL COLLEGES
ADMISSION STARTED
EDUCATIONAL INSTITUTIONS
Josco College of Nursing (Womens College)
Courses : B.Sc Nursing (4 Years)
: Post Basic B.Sc Nursing (2 Years)
: M.Sc Nursing - All specialities (2 Years)
Josco School of Nursing
Course : Diploma in General Nursing and Midwifery course (3½ Years)
Josco Health Inspector's College
Course : Diploma in Health Inspector's (2 Years)
Josco Paramedical College
Course : 1. Diploma in medical Laboratory Technology (DMLT)
2. Diploma in X-Ray & ECG
Admission Started, Prospectus and application from can be had from Office.
For any Enquiry - Contact : Administrator

# നിത്യതയിൽ



**വർക്കി ജോസഫ്**

**ഡാളസ്:** ഇലന്തൂർ പത്തിയിൽ വർക്കി വർക്കിയുടെ മകൻ വർക്കി ജോസഫ് (ഭായി 72) ഡാളസിൽ വച്ച് മേയ് 19 തിങ്കളാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. പരേതൻ കഴിഞ്ഞ 16 വർഷമായി ഡാളസിൽ തന്റെ മക്കളുടെ കൂടെ താമസിച്ചു വരികയായിരുന്നു. ഭാര്യ. അമ്മിണി ചെറിയനാട് നാക്കോലക്കൽ കുടുംബമാണ്. മക്കൾ അജോ (ബിനി)-ജെയിംസ് എണ്ണിക്കാട്ട്, ബിജോ (ബിനോ)-സിനു, ബെജി-അജി ഡേവിഡ് (ആസ്ട്രേലിയ), ബ്രൈറ്റി -ഫിന്നി ജോൺസൺ, കൊച്ചുമക്കൾ: ലിഡിയ, പ്രിസില, ജോയൽ, ജോഹന്നാ, നയോമി, നിധിയ, സ്നേഹ.



**എം. എസ്. ബേബി**

**വളഞ്ഞവട്ടം:** മണപ്പറമ്പിൽ ബഥേലിൽ എം. എസ്. ബേബി (62) നിര്യാതനായി. സംസ്കാരം നെടുമ്പ്രം ഐ. പി.സി ഗോസ്പൽ സെന്റർ സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: വളഞ്ഞവട്ടം വടക്കേക്കുറ്റ് ലില്ലിക്കുട്ടി ബേബി. മക്കൾ: ബീനാമോൾ(യു.എസ്.എ), ബിനുമോൾ, ബിനോമോൻ(2പേരും ഖത്തർ). മരുമക്കൾ: ബോബി(യു.എസ്.എ), ജെയിംസ്, ജിജിമോൾ(2പേരും ഖത്തർ).

**സാറാമ്മ തോമസ്**

**കൊല്ലം:** ആദ്യകാല സുവിശേഷപ്രവർത്തകയും ഏ. ജി. നഗർ ബഥേലിൽ പരേതനായ പാസ്റ്റർ പി. ഡി. തോമസിന്റെ സഹധർമ്മിണിയുമായ സാറാമ്മ തോമസ് (90) മെയ് 26ന് കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം 28ന് പോളയത്തോട് ഏ. ജി. സെമിത്തേരിയിൽ നടന്നു. സൗത്തിന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ ബാബു ജോർജ്ജ് മുഖ്യശുശ്രൂഷ നിർവ്വഹിച്ചു. മധ്യമേഖല ഡയറക്ടർ പാസ്റ്റർ എം. ബെനാൻ ബോബ്, കൊല്ലം സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ഷാജി യോഹന്നാൻ എന്നിവർ നേതൃത്വം നൽകി. വിവിധ സഭവിഭാഗങ്ങളിലെ ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു. മക്കൾ പരേതയായ എലിസബേത്ത് ജോർജ്, ഡാനിയേൽ തോമസ് (ഫ്ളോറിഡ), പാസ്റ്റർ ജോൺ തോമസ് (കാനഡ), സൂസൻ വിൽസൻ (ഫ്ളോറിഡ). മരുമക്കൾ: ജോർജ്ജ് തോമസ്, ലോവീസ് ഡാനിയേൽ, ജയാ തോമസ്, വിൽസൻ പി. ചാക്കോ.


# സൂററ്റിൽ ആത്മീയ ആരാധനയ്ക്ക്

പാസ്റ്റർ ജിജി പോൾ നേതൃത്വം നൽകുന്നു.

ഫോൺ: 08758400022

IPC City Church, IIIrd Floor Athva arcade, Athva Gate, Surat

Phone: 09601751369, 09725340000, 09913732923


## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ ബിലീവേഴ്സ് ജേണൽ**

# മറഞ്ഞിരിക്കുന്നവൻ

കുറെ നാളുകൾക്ക് മുമ്പ് അല്പമല്ലാത്ത തിരക്കുണ്ടായിരുന്ന സർക്കാർ ബസിൽ ഞാൻ യാത്ര ചെയ്യുകയായിരുന്നു. തരപ്പെട്ടു കിട്ടിയ സീറ്റിൽ സ്വസ്ഥമായി ഇരുന്നൊന്നു മയങ്ങി. ഏറെ സമയം കഴിയും മുമ്പേ അടുത്തു വന്നിരുന്ന സുമുഖനായ ഒരു ചെറുപ്പക്കാരൻ എന്നോട് കുശലാന്വേഷണം നടത്തി. അയാളുടെ വാക്കും, ഭാവവും, ഏതൊരാളെയും ആകർഷിക്കത്തക്ക കൃപയുള്ളതായിരുന്നു. ആ മാന്യനായ സഹോദരൻ തമിഴ്നാട്ടിലെ പ്രസിദ്ധമല്ലാത്ത ഒരു ഗ്രാമത്തിൽ ജനിച്ചു വളർന്നവനാണ്, കൂലിപ്പണിക്കാരായ മാതാപിതാക്കളുടെ ഏകമകൻ. സാമാന്യം നന്നായി മലയാള ഭാഷ സംസാരിക്കുന്ന അയാൾ ഉന്നത ബിരുദധാരിയാണെന്ന കാര്യം എനിക്ക് മനസിലായി- കേരളത്തിൽ നിന്നും കുറേ വർഷങ്ങൾക്ക് മുമ്പ് അയാളുടെ ഗ്രാമത്തിൽ ദൈവവേലക്കെത്തിയ ഒരു ദൈവഭക്തനെ അന്വേഷിച്ചാണ് അയാൾ ഇവിടെ എത്തിയത്- മലബാർ മേഖലയിലാണ് ആ ഭക്തന്റെ വീട് പേര് 'വർഗീസ്' ആ ചെറുപ്പക്കാരന്റെ വാക്കുകളിൽ നിന്നും കടം എടുത്തു പറയുന്നു "കർത്തൃഭൃത്യൻ ഒരു ചെറിയ ബാഗും തോളിലിട്ട് വീടുകൾ തോറും കയറി ഇറങ്ങി കർത്താവിനെ സാക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. ധാരാളം ആളുകൾ ദൈവകൃപ കണ്ടെത്തി. ഒടുവിൽ ഒരു നല്ല കൂട്ടം ആയപ്പോൾ പ്രാപ്തരായ രണ്ടു സഹോദരന്മാരെ ചുമതല ഏൽപ്പിച്ച് മറ്റെവിടേക്കോ പോയി. എവിടെയെന്ന് ആർക്കും അറിയില്ല" പേരും പ്രശസ്തിയും ഒന്നും ആഗ്രഹിക്കാതെ കഠിനാദ്ധ്വാനം ചെയ്ത ദൈവമനുഷ്യനെക്കുറിച്ചു പറഞ്ഞപ്പോൾ ചിലപ്പോഴെല്ലാം എന്റെ സഹയാത്രികന്റെ തൊണ്ട ഇടറി ആരോരും അറിയാതെ, ശ്രദ്ധിക്കപ്പെടാതെ എത്രയോ ഭക്തന്മാർ നമുക്കുചുറ്റും ഉണ്ട് എന്നത് എത്ര വലിയ സത്യം. പുറമേ ഭക്തിയും, തലക്കനവും കാട്ടി ലോകത്തിൽ എന്തെക്കയോ നേടി എന്നു നടിക്കുന്ന അഭിനവ അപ്പോസ്തലന്മാർക്കും ജീവിതംകൊണ്ടു വെല്ലുവിളി ഉയർത്തുന്നവർ- അവർ എത്ര ഭാഗ്യവാന്മാർ. അപ്രസിദ്ധരായ സാധുക്കളാണ് വാസ്തവത്തിൽ ദൈവസഭകളുടെ നിലനിൽപ്പ്....അവർ ക്രിസ്തുവിന്റെ മനസുള്ളവർ....കാര്യം നേടുന്നതിന് ദൈവമുഖം മാത്രം നോക്കുന്നവർ - ഇന്നും ഉണ്ട് - അവർ അനുകരണീയർ...എത്ര മറഞ്ഞിരുന്നാലും ഒരു നാൾ അവർ തേജസിൽ വെളിപ്പെടും...അവരാണ് വിശുദ്ധന്മാർ...ദൈവത്തിന്റെ വ്രതന്മാർ അങ്ങനെയുള്ളവരെ കുറിക്കൊള്ളാം...ദൈവം സഹായിക്കട്ടെ.

## വിധിയും വിചാരണയും....

06

യാർ അണക്കെട്ട് തകർന്നൊഴികിയാൽ പെന്തക്കോസ്തുകാരന്റെ ജീവന്റെയും സ്വത്തിന്റെയും വഴിയിൽ നിന്നും ദിശമാറിയൊഴുകണം. ജാതിസർട്ടിഫിക്കേറ്റ് നോക്കിയായിരിക്കും പ്രകൃതിദുരന്തങ്ങളുടെ സംഹാരം എന്നൊക്കെ വിശ്വസിക്കാൻ തലതിരിഞ്ഞ വിശ്വാസവും, ബൈബിൾ വിരുദ്ധ ചിന്തകളുള്ളവർക്കും അല്ലാതെ ആർക്കാണാവുക.

ദൈവം പ്രകൃതിയിൽ ഇടപെടുന്നതിന് ഒരു നിയമം വെച്ചിട്ടുണ്ട്. അത് ശാസ്ത്രീയമാണ് യുക്തി സഹമാണ്. അത് വിട്ടു പ്രവർത്തിക്കയില്ല. എന്നാൽ അതേ ദൈവത്തിന് യുക്തിക്ക് അതീത സംഭവങ്ങൾ സൃഷ്ടിക്കാം.

അത് ഒരാളുടെ ആയുസ്സിൽ ഒന്നോ രണ്ടോ ഘട്ടങ്ങളിൽ മാത്രം സംഭവിക്കുന്ന അപൂർവ്വതയാണ്. അങ്ങനെ സംഭവിക്കാതെയുമിരിക്കാം. അതുകൊണ്ട് ദൈവം ദൈവമല്ലാതാകുന്നില്ല. വിശ്വാസം ഇല്ലാതാകുന്നുമില്ല.

ഈ പ്രകൃതിയിലെ സംഭവ ബഹുലതകളുടെ മദ്ധ്യേ ഒരു പെന്തിക്കോസ്തുകാരന്റെ വിശ്വാസിയുടെ, സ്ഥാവരജംഗമ വസ്തുക്കൾക്കും ജീവനും ഒരു അപൂർവ്വ- താൽക്കാലിക മോചനം ലഭിച്ചതിൽ നന്ദികൊണ്ട് ദൈവമുമ്പാകെ വീഴുന്നതിനപ്പുറം എന്തെങ്കിലും പറയാനാകുമോ?

സർവ്വനാശത്തിനു വിധേയരായ സഹജീവികൾക്കു ദൈവം വധശിക്ഷ നടപ്പാക്കിയെന്നു പുലമ്പിയാൽ കാടത്തമെന്നോ, കാട്ടാളത്തമെന്നോ പറയേണ്ടതല്ലേ. മൃഗീയതെത്തോളം അധഃപതിക്കുവാൻ മനുഷ്യനു കഴിയുമോ?.

"രണ്ടു തുട്ടേകുകിൽ ചുണ്ടിൽ ചിരിവരും തെണ്ടിയാണോ മതം തീർത്ത ദൈവം" എന്ന് കവി ചോദിച്ച ഈ നാട്ടിൽ 'കാര്യസാധ്യത്തിന് അധ്വാനത്തേക്കാൾ പ്രധാനം അദൃശ്യ ശക്തികളുടെ അനുഗ്രഹമാണെന്ന്', മിഥ്യാധാരണ പെരുകുമ്പോൾ ബൈബിൾ പോലൊരു പ്രാമാണിക ഗ്രന്ഥവും അതിന്റെ വിശ്വാസികളും ഒരു ബദൽ സംസ്കാരമാണ് വളർത്തേണ്ടത്. എന്നാൽ വിശ്വാസത്തിന്റെ പേരിൽ അവരും യുക്തിരഹിതവും അബദ്ധവും പ്രചരിപ്പിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. ഒരു തുറന്ന ചർച്ചയ്ക്ക് സഭ തയ്യാറാകേണ്ടതാണ്.

## പ്രധാനമന്ത്രി മോദിക്ക് ....

01

യിൽ അധിഷ്ഠിതമായ സമാധാനത്തിന്റെ പേരിൽ ഞങ്ങൾ പിന്തുണക്കുന്നു" ദേശീയ സഭാകൗൺസിൽ ജനറൽ സെക്രട്ടറി റോജർ ഗെയ്ക്വാദ് പറഞ്ഞു .

ഗവൺമെന്റുമായി സഭ സഹകരിക്കുന്നതിലൂടെ എല്ലാവിധ ചൂഷണങ്ങൾ, ജാതിവ്യവസ്ഥ, ആഗോളവൽക്കരണം, വർഗ്ഗീയവാദം തുടങ്ങിയ തിന്മകളുടെ ഉന്മൂലനത്തിനുവേണ്ടി സഭ നിലകൊള്ളും.

ചിലരുടെ മാത്രം സുഖത്തിനും ഭൂരിഭാഗം പേരുടെ അടിമത്വത്തിനും ഉതകുന്ന വികസന പ്രവർത്തനങ്ങൾക്ക് സഭ എതിരായി നിലകൊള്ളും എന്ന് ദേശീയ സഭാ കൗൺസിൽ വ്യക്തമാക്കുന്നു.

# ഡൂലോസ് ബിബ്ലിക്കൽ സെമിനാരിയിൽ ഉപവാസപ്രാർത്ഥന

**വെച്ചൂച്ചിറ** ഡൂലോസ് ബിബ്ലിക്കൽ സെമിനാരിയിൽ മെയ് 28ന് ഉപവാസപ്രാർത്ഥന നടന്നു. പാസ്റ്റർ സിബി കുരുവിള, അറ്റ്ലാന്റാ പ്രധാന ശുശ്രൂഷകനായിരുന്നു. പാസ്റ്റർമാരായ വി.എസ്. വറുഗീസ്, സുനിൽ ചാക്കോ തുടങ്ങിയവരും ദൈവവചനം ശുശ്രൂഷിച്ചു. സെമിനാരി പ്രിൻസിപ്പാൾ ജിജി ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു. കഴിഞ്ഞ 13 വർഷങ്ങളായി അനുഗ്രഹകരമായി പ്രവർത്തിക്കുന്ന ഈ സെമിനാരിയിലെ വേദപഠനാനന്തരം അനേകർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷിച്ചു കൊണ്ടിരിക്കുന്നു. അറ്റ്ലാന്റാ ഐ.പി.സി സഭാ ശുശ്രൂഷകനായ പാസ്റ്റർ വി.പി. ജോസിന്റെ നേതൃത്വത്തിലാണ് ഡൂലോസ് ബിബ്ലിക്കൽ സെമിനാരി പ്രവർത്തിക്കുന്നത്.

# ക്ലാസ്സുകൾ ആരംഭിക്കുന്നു

**കണ്ണൂർ - പരിയാരം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ മുളക്കുഴ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ മലബാറിൽ പ്രവർത്തിക്കുന്ന മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ പുതിയ അദ്ധ്യായവർഷം 2014 ജൂൺ ഒമ്പതിന് ആരംഭിക്കുന്നു. ഫോൺ 09947029588


# നോയിഡയിൽ ആത്മീയ ആരാധനയ്ക്ക്



പാസ്റ്റർ മാത്യു ജോസഫ് നേതൃത്വം നൽകുന്നു.

V-10, G. Floor, Sector - 12, Noida - 201 301

Email: mathewjoseph100@gmail.com
Phone: 08506949408



**Website:**
www.beljourn.com



# Matrimonial

32 വയസ്സായ പെന്തക്കോസ്തു യുവാവ് 5'5 ഉയരം ആന്ധ്ര വാറങ്കൽ NIT യൂണിവേഴ്സിറ്റിയിൽ കംപ്യൂട്ടർ സയൻസിൽ M.Tech കഴിഞ്ഞു. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ M.S കഴിഞ്ഞു. കാലിഫോർണിയായിൽ പ്രശസ്തമായ കമ്പനിയിൽ ഉയർന്ന പോസ്റ്റിൽ ജോലി ചെയ്യുന്നു. ഉടൻ നാട്ടിൽ വരുന്നു. തത്തുല്യമായ യോഗ്യതയുള്ള പെൺകുട്ടിയുടെ മാതാപിതാക്കളിൽ നിന്ന് ആലോചന ക്ഷണിക്കുന്നു.

**ഫോൺ: 09495456582, 08547579989, 08547619422**

സിറിയൻ പെന്തെക്കോസ്ത് യുവാവ് 27, 5'8", വെളുത്തനിറം. അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. ജോലിയുള്ള അനുയോജ്യരായ പെന്തെക്കോസ്ത് യുവതിയുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 09037780944**

ലേഖനം

# പുറത്താക്കണമെന്ന് സാറ: അനിഷ്ടനായി അബ്രഹാം



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിക്കുന്നത് കാണുമ്പോഴെങ്കിലും ആ പരിഹാസിയെ പുറത്താക്കാനുള്ള നമ്മുടെ വൈമനസ്യം ഇന്നലകളിൽ നമുക്ക് സംഭവിച്ച തെറ്റുകളെ ന്യായീകരിക്കാൻ നാം നടത്തുന്ന വിലകുറഞ്ഞ ശ്രമങ്ങളുടെ ഭാഗമായിരിക്കും. തിരുവെഴുത്ത് തള്ളാൻപറഞ്ഞിട്ടും അബ്രഹാം നടത്തുന്ന ചേർത്തുനിർത്തൽ നടപടികൾ അപഹാസ്യമാണ്. വേണ്ടാത്തതിനെ വിട്ടുകളയാനുള്ള പല ആഹ്വാനങ്ങളും അനിഷ്ടമായി നമുക്ക് അനുഭവപ്പെടുന്നുണ്ടോ? അങ്ങനെ എങ്കിൽ സാത്താന്യദാസ്യത്തിന്റെ സന്തതികളെ ജനിപ്പിക്കാൻ നാം പല മിസ്രയീമ്യ കൂടിച്ചേരലുകളും നടത്തിയിട്ടുണ്ടാകണം !!! കൂടെ നിറുത്തി താലോലിച്ചത് പലതും തള്ളികളയേണ്ടതിനെ ആയിരുന്നു എന്ന തിരിച്ചറിവ് നമ്മിൽ ഉണ്ടായാലുടൻ അനിഷ്ടഭാവം വെടിഞ്ഞു നാം അതിനെതിരായി നിലപാടെടുക്കേണ്ടതുണ്ട്.

അത്യുന്നതൻ അരുളിചെയ്ത അവധിക്കു അബ്രഹാമിന്റെ ഭാര്യ സാറ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. അവർ അവന് ഇസഹാക്ക് എന്ന് പേരുമിട്ടു. പക്ഷെ അതിനും ചില കൊല്ലങ്ങൾക്ക് മുമ്പ് മിസ്രയീമ്യ ദാസിയായ ഹാഗാർ അബ്രഹാമിന് ഒരു മകനെ പ്രസവിച്ചു, അവന്റെ പേർ യിശ്മായേൽ. സാറയുടെ തെറ്റായ തീരുമാനവും അതിന് സ്വഭർത്താവിന്റെ അനുസരണവും കുറച്ചുകാലത്തേക്ക് പ്രശ്നങ്ങൾ ഒന്നും സൃഷ്ടിച്ചില്ലെങ്കിലും വാഗ്ദത്ത സന്തതിയുടെ വരവോടെ 'യിശ്മായേൽ ഒരു പരിഹാസി' എന്ന് സാറ തിരിച്ചറിഞ്ഞു. ഈ അറിവിന്റെ അടിസ്ഥാനത്തിൽ ദാസിയേയും മകനെയും പുറത്താക്കി കളയുവാൻ സാറ ആവശ്യപ്പെടുന്നു. കാലങ്ങൾക്കിപ്പുറം സാറയുടെ ഈ തീരുമാനം തിരുവെഴുത്തിന്റെ ശബ്ദമായി ആയി പൗലോസ് വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട് (ഗലാത്യർ 4:30). പക്ഷെ ഈ ആവശ്യപ്പെടൽ അബ്രഹാമിന് അനിഷ്ടമായി.!!! ഒരുപാട് അരുളപ്പാടുകൾ ദൈവത്തിൽ നിന്നും കേട്ട അബ്രഹാമിന് വീട്ടിൽ വളരുന്ന പരിഹാസിയെ തിരിച്ചറിയാൻ കഴിയാതിരുന്നപ്പോൾ വസ്തുതകളെ വിവേചിക്കുന്നതിൽ വലിയ ഭൂതകാല പരിചയങ്ങൾ ഒന്നും ഇല്ലാത്ത തന്റെ ഭാര്യക്ക് ഇവൻ ഒരു പരിഹാസി ആണെന്ന് വെളിപ്പെട്ടു. ആത്മപ്രകാരം ജനിച്ചവന്റെ അവകാശത്തിന്മേൽ അനദിവിദൂരഭാവിയിൽ ജഡപ്രകാരം ജനിച്ചവന്റെ കൈകടത്തൽ ദൂരവേ ദർശിച്ച സാറ ഏറിയ വിവേചനം പ്രാപിച്ചവൾ ആയിരുന്നു.

വേദപുസ്തകത്തിലെ പ്രമുഖ കഥാപാത്രങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും വിവിധ ഗോത്രമതരാഷ്ട്രങ്ങളുടെ തുടക്കകാരനുമായ അബ്രഹാം പഴയനിയമത്തിൽ പല സുപ്രധാന സംഭവങ്ങളിലും മാറ്റിനിർത്താൻ കഴിയാത്ത വ്യക്തിയാണ്. ദൈവീക ന്യായവിധിക്ക് മുമ്പിൽ ഒരു പട്ടണത്തിനുവേണ്ടി ഇടുവിൽ നിന്നവൻ തുടങ്ങി വിവിധ നിലകളിൽ ഈ ദൈവമനുഷ്യനെ കാണാം. എന്നാൽ ഇപ്പോൾ തൊട്ടടുത്തുള്ള അനാത്മീകനെ കാണുവാൻ കഴിയാതെ അബ്രഹാമിന്റെ കണ്ണുകളെ ബാധിച്ച അവസരവാദ തിമിരം പ്രത്യക്ഷത്തിൽ ഗുരുതരമല്ലെങ്കിലും വരുംദിവസങ്ങളിൽ കാര്യങ്ങളെ വകതിരിച്ചു കാണുവാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കും. അപ്പോൾ തന്നെ വീട്ടിലെ പരിഹാസപുത്രനെ കാണുവാൻ തുറക്കപ്പെട്ട സാറയുടെ കണ്ണുകൾ തന്റെ വിവേചന സ്വഭാവത്തിന്റെ ശോഭ വർദ്ധിപ്പിക്കുന്നു. ദേശത്തെ രക്ഷിക്കാൻ ഇടുവിൽ നിന്നവന് വീട്ടിലെ ജഢികനേ പുറത്താക്കണം എന്ന സാറയുടെ ഭാഷണം അത്രപിടിച്ചില്ല. കാരണം അബ്രഹാമിന് അവനും മകനല്ലേ!!! പിരിയുവാൻ കഴിയാത്ത പല ബന്ധങ്ങളും നമുക്കതിനോട് ഉണ്ട് എന്നതാണ് വാസ്തവം.

നമുക്കിടയിലും ദൈവസഭകളിലും പരിഹാസികൾ അസംഖ്യമാം വിധം പെരുകുന്നു.! വാഗ്ദത്ത സന്തതിയെ വളരാൻ അനുവദിപ്പിക്കാത്ത ജഡമേലാള സ്വാധീനങ്ങൾ ദിനംപ്രതി കൂടുന്നു. ആത്മീകമായതിനോട് ചേർന്നുനിൽക്കുന്നു എന്ന് പ്രത്യക്ഷത്തിൽ തോന്നിയാലും തരം കിട്ടുമ്പോഴൊക്കെ തനിസ്വഭാവം പുറത്തെടുക്കും എന്ന് നാം അറിയാതിരിക്കരുത്. ദൈവീകമായതിനെ ഈ പരിഹാസി ഒതുക്കിക്കളയും എന്നതിന് രണ്ടു പക്ഷമില്ല!!! എപ്പോഴും ആത്മീകമായതിനോടുള്ള യിശ്മായെല്യഭാവങ്ങൾ ഏറെ നിന്ദ്യവും പരിഹാസ്യവുമായിരിക്കും. രണ്ടും നിൽക്കട്ടെ എന്ന ചിന്ത നമ്മുടെ ഇരട്ടതാപ്പു നയങ്ങളുടെ പരീശാഭിനയങ്ങളെ തുറന്നുകാട്ടുന്നതാണ്.

അബ്രഹാമ്യവാദങ്ങൾ എപ്പോഴും നേരാവണമെന്നില്ല. തെറ്റുകൾക്കെതിരെ ഉള്ള സാറയുടെ കണ്ടെത്തലുകളെ അനിഷ്ടമായി കാണേണ്ടതുമില്ല എന്ന് സാരം!! ആത്മപ്രിയനെയും ലോകസ്നേഹിയെയും ഒന്നിച്ചു കൊണ്ടുപോകാനുള്ള അബ്രഹാമ്യ താൽപര്യം ചില അനധികൃതബന്ധങ്ങളെ സംരക്ഷിക്കാനുള്ള അണിയറ നീക്കങ്ങളുടെ ഭാഗമാണ്. യിസ്ഹാക്കിനെയും യിശ്മായേലിനെയും ഒരേ വേദിയിൽ ഒന്നിച്ചിരുത്താനുള്ള നവനേതൃത്വത്തിന്റെ വ്യഗ്രതകൾ നാം പിന്തുടർന്നുവന്നിരുന്ന വിശുദ്ധിയുടെ മൂല്യങ്ങളെ നിർമ്മൂലനം ചെയ്തുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്ന അനാത്മീക പരിഷ്കാരങ്ങൾ മാത്രമാണ്. പക്ഷെ ഈ പരിഷ്കാരങ്ങൾ തിരുവചനപ്രമാണങ്ങളുടെ അവഹേളനങ്ങളായി ആയി നമുക്ക് നേരെ ഒരുനാൾ തിരിയും. ദൈവത്തിന്റെ സ്നേഹിതൻ ആകയാൽ വീട്ടിൽ ഒരു പരിഹാസി വളരുന്നു എന്ന സാറയുടെ മുന്നറിയിപ്പുകളെ മുഖവിലക്കെടുക്കാത്ത കപടപുരുഷത്വം ഭാവിയിൽ പ്രശ്നങ്ങളെ ക്ഷണിച്ചു വരുത്താൻ മാത്രമേ ഉപകരിക്കൂ. തിരുവെഴുത്തുകൾക്കു തുല്യയാ സാറയുടെ വെളിപ്പാടുകളെ അംഗീകരിക്കാൻ ഉള്ള വിമുഖത നന്നല്ല....പുറത്താക്കിക്കളയാനുള്ള ആവശ്യപ്പെടലിൽ അനിഷ്ടനാകേണ്ടതുമില്ല!!! പുറത്തു പോകേണ്ടവൻ പോയാൽ ഉപദ്രവമില്ലാതെ അകത്തുള്ളവൻ വളരും. ആത്മീകനെ വളർത്താനാണ് താൽപര്യമെങ്കിൽ പരിഹാസിയെ പടിക്ക് പുറത്താക്കണം. ഇരുതോണിയിൽ കാലൂന്നിയുള്ള ഈ അഭ്യാസയാത്ര പുറപ്പെടുമ്പോൾ കരക്കാരുടെ കുറച്ചു കൈയടി കിട്ടുമെങ്കിലും യാത്രപുരോഗമിക്കുമ്പോൾ വിശദീകരിക്കാൻ കഴിയാത്ത അപകടത്തെ വിളിച്ചു വരുത്തും എന്നതിൽ തർക്കമില്ല.!! അതിനാൽ ദാസിയേയും മകനെയും പുറത്താക്കാനുള്ള സാറയുടെ ദൈവപ്രേരണയാലുള്ള ആവശ്യം തിരുവചനത്തിന്റെ അഹ്വാനമായി കണ്ടുകൊണ്ട് അനിഷ്ടഭാവം തോന്നാതെ ഇന്ന് തന്നെ പുറത്താക്കിയാൽ പുഷ്ടിയുള്ള ഒരു തലമുറ വീട്ടിൽ വളരും.!!!

---

കണ്ടതും കേട്ടതും

# തിരഞ്ഞെടുപ്പ്, ഓപ്പറേഷൻ കുബേര

ജയ്മോഹൻ അതിരുങ്കൽ, 9567759748

ഇൻഡ്യയിൽ ഓരോ അഞ്ചു വർഷം കൂടുമ്പോഴും നടക്കുന്ന തിരഞ്ഞെടുപ്പു കഴിഞ്ഞു. നരേന്ദ്ര മോദി പ്രധാനമന്ത്രിയായി.ആരുടെയും ഔദാര്യമോ വിരട്ടലോ ഒന്നുമില്ലാതെ സ്വതന്ത്രമായി അഞ്ചു വർഷവും ഭരിക്കാം. ഡോ. മൻമോഹൻസിങ് കഴിവുള്ളവനായിരുന്നിട്ടും, അദ്ദേഹത്തിന് പല കാര്യങ്ങളും ചെയ്യാൻ കഴിയാത്തതു കൂട്ടുമന്ത്രിസഭയെന്ന ഏടാകൂടമുള്ളതു കൊണ്ടായിരുന്നു. കരുണാനിധിയെയും അതുപോലെയുള്ള പല 'നിധി'കളെയും പേടിച്ചു മാത്രമേ കാര്യങ്ങൾ നടത്താനാവൂ. 'എത്ര ദയനീയം, എന്തൊരു ഗതികേട്' എന്നെല്ലാം പറയേണ്ടിവന്നിട്ടുണ്ട്. കരുണാനിധി കരുണാപൂർവ്വം അവതരിപ്പിച്ച പ്രതിനിധികളെയും രാജാക്കളെയും കരുണയില്ലാത്ത ജനം കൈവിട്ടുകളഞ്ഞു. ഒരുപാടു ക്രിമിനലുകൾക്കു പാർലമെന്റ് കാണാനൊത്തില്ല. സ്പെക്ട്രം ഇടപാടിലൊക്കെ കോടികൾ ലഭിച്ചവരിൽ പാസ്റ്റർമാരുമുണ്ടെന്നു കേൾക്കുന്നു. അല്ലാതെങ്ങനെയാണ്, ഇന്നലെ വരെ ഒന്നുമില്ലാതെയിരുന്നവർ ഇന്ന് ആഡംബരവാഹനത്തിൽ സഞ്ചരിക്കുന്നത്, മണിമാളികയിൽ താമസിക്കുന്നത്? ചൈനയിലായിരുന്നെങ്കിൽ ഇവരെയൊക്കെ വിഷം കുത്തിവെച്ചു കൊന്നേനെ. മോദി സർക്കാർ, കള്ളപ്പണത്തെപ്പറ്റി അന്വേഷിക്കുമെന്നു പറഞ്ഞിട്ടുണ്ട്. അതു വേണ്ട രീതിയിൽ മുന്നോട്ടു പോയാൽ, പല രാജാക്കളും അകത്താകും. കനിവോടെ മൊഴിയുന്നവരും നിധിപോലെ ദയ ചൊരിയുന്നവരും വിറയ്ക്കും, അഴിയെണ്ണും. കാത്തിരുന്നു കാണാം. മോദി സർക്കാർ ശരിയായിട്ടു ഭരിച്ചാൽ അവർക്കു ഭാവിയുണ്ട്. സുവിശേഷീകരണത്തിനു തടസ്സമൊക്കെ എപ്പോഴുമുണ്ട്. കോൺഗ്രസിന്റെ ഭരണകാലത്തും ക്രിസ്ത്യാനികളെ കൂട്ടത്തോടെ കൊന്നിട്ടുണ്ട്. എന്നിട്ട് എന്തു നടപടിയെടുത്തു? ഒരു സർക്കാരും ക്രിസ്ത്യാനികൾക്ക് അനുകൂലമായിരിക്കുമെന്നു വിചാരിക്കേണ്ടതില്ല. ഒരു കണക്കിൽ, അമേരിക്കയിലില്ലാത്ത സ്വാതന്ത്ര്യം ഇവിടെ നമുക്കുണ്ട്. അമേരിക്കയിൽ തെരുവുപ്രസംഗം നടത്തിയ ചിലരെ, ഒരു പാക്കിസ്ഥാനി ആക്രമിക്കുന്നതു 'യൂറ്റ്യൂബിൽ' കണ്ടു! "ഫ്രീകൺട്രി" യെന്നു പറഞ്ഞ്, പാക്കിസ്ഥാനിയും അറബിയുമെല്ലാം പാശ്ചാത്യരാജ്യത്തു കുടിയേറിയിട്ട്, അവിടെയുള്ള നിയമങ്ങൾക്കു കീഴടങ്ങാതെ, സ്വന്തം കരബലം പ്രകടിപ്പിക്കുകയാണ്. അതേ സമയം അറബിരാജ്യങ്ങളിൽ ക്രിസ്ത്യാനിക്കു യാതൊരു സ്വാതന്ത്ര്യവുമില്ല! അമൃതാനന്ദമയിക്കു കാലിഫോ(ർ)ണിയയിൽ മാത്രം മുന്നൂറേക്കർ സ്ഥലമുണ്ടുപോലും! ലണ്ടനിൽ അറുന്നൂറിനു മേൽ മുസ്ലീം പള്ളികളുണ്ട്. ഇംഗ്ലണ്ടിലെ മുസ്ലീം ജനസംഖ്യ ഇരുപത്തിനാലു ലക്ഷമായി. എല്ലാം കുടിയേറിയവരാണ്. ഇതു വായനക്കാർ വായിക്കുമ്പോഴേക്കും അമ്പതിനായിരം പേർ കൂടെ കുടിയേറും.Conquer the world with out sword (വാൾകൂടാതെ ലോകം കീഴടക്കുക), എന്നതാണു മുസ്ലീം ലോകത്തിന്റെ രഹസ്യപദ്ധതി. അമേരിക്കയിലെ മുസ്ലീം ജനസംഖ്യ എഴുപതു ലക്ഷമായി. പത്തുകൊല്ലത്തിനുള്ളിൽ അത് ഇരട്ടിയാകും. എല്ലാവരെയും കയറ്റിത്താമസിപ്പിച്ചു പൗരത്വവും കൊടുത്തപ്പോഴാണു കുടിയേറിയവന്റെ തനിനിറം പുറത്തുവരുന്നത്. ഇപ്പോൾ Enemy with in എന്നു പുസ്തകവുമെഴുതി പേടിച്ചു നടക്കുകയാണ്. അമേരിക്കയെയും സഖ്യരാജ്യങ്ങളെയും തൊട്ടതിനും പിടിച്ചതിനുമെല്ലാം കുറ്റം പറയും. അമേരിക്കയെ വിമർശിക്കുന്ന സഖാക്കളും ചിന്തിക്കേണ്ടതുണ്ട്. അമേരിക്കയും സഖ്യരാഷ്ട്രങ്ങളും ഉള്ളതുകൊണ്ടാണു ലോകം ഇ രീതിയിലെങ്കിലും മുന്നോട്ടുപോകുന്നത്. അല്ലെങ്കിൽ മിക്കവാറുമെല്ലാവരും മതഭരണത്തിന്റെ കീഴിൽ വരുമായിരുന്നു. ലോകത്തിന്റെ പുരോഗതിക്കു പാശ്ചാത്യലോകം നൽകിയ സംഭാവനപോലെ വേറെ ആരു നൽകിയിരിക്കുന്നു? ഗൾഫിൽ എണ്ണനിക്ഷേപമുണ്ടെന്നു കണ്ടുപിടിച്ചതുപോലും വെള്ളക്കാരനാണ്. അതിനു കാരണമായതു തിരുവെഴുത്തും. ഇതൊന്നുമറിയാതെയാണ് അറബിരാജ്യങ്ങൾ ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യം നിഷേധിക്കുന്നതും സുവിശേഷീകരണം വിലക്കുന്നതും. കഴുതപ്പുറത്തും ഒട്ടകപ്പുറത്തും സഞ്ചരിച്ച്, മലബാറിൽനിന്നുള്ള കപ്പയും മറ്റും തിന്നു കഴിഞ്ഞ അറബികൾക്ക്, ആഡംബരവാഹനങ്ങളിൽ സഞ്ചരിക്കാൻ കഴിയുന്നതിന്റെ പിന്നിലുള്ള കാരണം ബൈബിളാണെന്നറിഞ്ഞുകൂടാ. ലണ്ടനിൽ 'സുവിശേഷനിരോധിതമേഖല' (Gospel Prohibited Area) ഉണ്ടുപോലും! മണ്ടൻ സായ്പ് ഒരിക്കലും വിചാരിച്ചുകാണില്ല, വേലിയിലിരിക്കുന്ന പാമ്പിനെയാണ് എടുത്തു തോളിൽ വെയ്ക്കുന്നതെന്ന്. ഇനി പറഞ്ഞിട്ടെന്താണ്? Europe, Your 9/11 is on the way, Jesus is the slave of Allah, Islam will rule the world, May Allah curse the Queen എന്നെല്ലാമുള്ള ബോ(ർ)ഡുകളും പിടിച്ചുകൊണ്ട് ആക്രോശിക്കുന്ന മുസ്ലീങ്ങളെ യൂറ്റ്യൂബിൽ ധാരാളം കാണാം. ഇപ്പോൾ നോർവേയും ആ വഴിയേ വരുന്നുണ്ട്. താമസിയാതെ, അവിടെയും ബോംബ് സ്ഫോടനവും ചാവേർ ബോംബുമെല്ലാം വരും. സമ്പത്തുള്ള രാജ്യങ്ങളിലേക്കെല്ലാം സന്യാസിമാരും അമ്മമാരും ബാബയും മൗലവിയുമൊക്കെ ചെന്നുപറ്റുകയാണ്. ദരിദ്രരാജ്യങ്ങളിൽ അവരങ്ങനെ പോകാറില്ല. ഏതായാലും, മതാധിപത്യം വരുന്നതിനുമുൻപ്, കർത്താവ് അതിനൊരു പ്രതിവിധി നൽകാതിരിക്കുകയില്ല ഒരു പക്ഷേ അതു കർത്താവിന്റെ വരവു തന്നെയാകാം.




ഇതെഴുതുമ്പോൾ, 'ഓപ്പറേഷൻ കുബേര' എന്ന പേരിലുള്ള റെയ്ഡ് നടന്നുകൊണ്ടിരിക്കുകയാണ്. ഒത്തിരിപ്പേരെ പിടിക്കുന്നുണ്ടെങ്കിലും, പല വമ്പൻ മീനുകളും വലയ്ക്കു പുറത്തു തന്നെയാണ്. ഇവരുടെ കൈയിൽനിന്നൊക്കെ പാർട്ടിക്കാരെല്ലാം തിരഞ്ഞെടുപ്പിനു കാശു പിരിച്ചിട്ടുണ്ട്. അല്ലാതെങ്ങനെയാണ് ഇലക്ഷൻ പ്രചരണമൊക്കെ നടത്തുന്നത്? സുവിശേഷപ്രസംഗകരുടെ വീടുകളിലും ഒരു റെയ്ഡ് നടത്തുന്നതു നല്ലതാണ്. 'ഓപ്പറേഷൻ ശലോമോൻ' എന്നോ, 'ഓപ്പറേഷൻ നാബാൽ' എന്നോ പേരിടാം. സീസണിൽ ഒരു പ്രസംഗകനു ശരാശരി എഴുപതിനായിരം രൂപയെങ്കിലും (പ്രതിമാസം) കിട്ടാറുണ്ടെന്നു പറയുന്നു. ഇതിനൊന്നും നികുതി കൊടുക്കാറില്ല. പാവപ്പെട്ടവർക്കും കൊടുക്കുകയില്ല. ഒരു പ്രസംഗകൻ പണിത വീട്, അന്നാട്ടിലെ ഗൾഫ് വ്യവസായിയുടെ വീടിനെക്കാൾ കേമമാണെന്നു കേൾക്കുന്നു. പണ്ടൊരു നേതാവിന്റെ വീട്ടിൽ റെയ്ഡ് നടന്നപ്പോൾ, വസ്ത്രങ്ങൾക്കിടയിൽ നിന്നെ

06

കാലികം

# ദൈവം ഇട്ട ബോംബും അബ്രഹാം രക്ഷിച്ച ലോത്തും



സജി നെടുങ്കണ്ടം

രക്ഷ ദൈവീക ദാനമാണെങ്കിൽ ശിക്ഷ ദൈവീക ധർമ്മമാണ്. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നൽകിയ ദൈവം തരംപോലെ ജീവിക്കുന്നവരെ തിരുത്താനും ശ്രദ്ധിക്കുന്നു. സൃഷ്ടിയിൽ മകുടമാണ് മനുഷ്യനെങ്കിൽ ദൈവീക കൽപ്പന മറന്നവൻ മടയനായി മാറി. മുറവിളിയും അലമുറയും മനുഷ്യന് സമ്മാനിച്ചത് മനുഷ്യൻ തന്നെയാണ്. ഭൂമിയിൽ കാണുന്ന സർവ്വചരാചരത്തെയും ദൈവം തന്റെ വായിലെ വചനത്താൽ സൃഷ്ടിച്ചെങ്കിൽ മനുഷ്യനെ സൃഷ്ടിച്ചത് ദൈവം തന്റെ വലങ്കരം കൊണ്ടും വയലിലെ മണ്ണുകൊണ്ടുമാണ്. എന്നാൽ ഇതരസൃഷ്ടിപ്പിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന്റെ മൂക്കിൽ ദൈവം ഊതി. അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. എന്നാൽ അവന്റെ ഏകാന്തത മാറ്റാൻ ഉണ്ടാക്കിയ മനുഷ്യനെ ദൈവം ഉറക്കി. വലങ്കരം കൊണ്ട് ഒരു വാരിയെല്ല് ഊരി ഹൗവ്വായെ നിർമ്മിച്ച് ആദമിനു നൽകി. തോട്ടത്തിൽ താമസമാക്കിയ നരനും നാരിയും തങ്ങളുടെ നാഥനായ ദൈവത്തോട് നിരന്തരബന്ധം പുലർത്തിയിരുന്നു. എല്ലാ സൃഷ്ടിപ്പും നല്ലതാണ് എന്നു കണ്ട ദൈവം മനുഷ്യന്റെ സൃഷ്ടിപ്പും മഹനീയമായി കരുതി. എന്നാൽ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് സകല വൃക്ഷത്തിന്റെയും ഫലം തരംപോലെ തിന്നാം; എന്നാൽ തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ മരിക്കും (ഉല്പ.2:17). ഇതൊരു ഭംഗിവാക്കായിരുന്നില്ല; പ്രത്യുത ദൈവീക കൽപ്പന ആയിരുന്നു. സൃഷ്ടിച്ച ദൈവം സകല സൃഷ്ടിയേയും നോക്കി നല്ലത് എന്ന് ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞെങ്കിൽ (1:31) ആറാം അദ്ധ്യായത്തിൽ വരുമ്പോൾ സൃഷ്ടിയുടെ മകുടമായ മനുഷ്യനെ സൃഷ്ടിച്ചതോർത്ത് ദൈവം അനുതപിച്ചു ദുഃഖിച്ചു (6:6). ഒന്നാം അദ്ധ്യായത്തിലെ നല്ല സർട്ടിഫിക്കറ്റ് ആറാം അദ്ധ്യായത്തിൽ നാശമായി ദൈവം കണ്ടതിന്റെ പിന്നിലെ സംഭവം മനുഷ്യൻ കാട്ടിക്കൂട്ടിയ ഞെട്ടിപ്പിക്കുന്ന പ്രവൃത്തി അവർ ദൈവകൽപ്പന ലംഘിച്ചു എന്നതാണ്. തെറ്റിന് ശിക്ഷ നൽകുക ദൈവീക സ്വഭാവമാകയാൽ ശപിച്ച് അവരെ ദൈവം തോട്ടത്തിന് വെളിയിൽ തള്ളി. തെറ്റു ചെയ്യുന്നവരോട് മുഖപക്ഷം കാണിക്കാത്ത ദൈവം തിരിച്ച് തോട്ടം നൽകി അവരെ സ്വീകരിച്ചില്ല.

മനുഷ്യന്റെ അതിക്രമം നിമിത്തം ഹൃദയവേദനപൂണ്ട ദൈവം മനുഷ്യന്റെ സൃഷ്ടിപ്പിൽ മനോവേദനയോടെ അനുതപിച്ചു. ശിക്ഷ നടപ്പാക്കാൻ ക്ഷണത്തിൽ തുനിഞ്ഞ ദൈവം ആ തലമുറയിൽ ഒരു നീതിമാനെ കണ്ടെത്തി. അതുകൊണ്ട് "നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു". കൃപ ലഭിച്ച നോഹ കിടക്കുന്നതിനു മുമ്പെ കർത്താവിന്റെ കൽപ്പന ലഭിച്ചു. സകലജഡത്തിന്റെയും അതിക്രമം നിമിത്തം ഭൂമി നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ഭൂമിയോടുകൂടെ ജനത്തെ നശിപ്പിക്കാൻ പോകുന്നു. എന്നാൽ നീ ഒരു പെട്ടകം ഉണ്ടാക്കണം (6:14). വിശുദ്ധന്മാരും കൃപ ലഭിച്ചവരും എപ്പോഴും ഓർത്തിരിക്കേണ്ട ഒരുവൻ വീട്ടിൽ കിടന്നുറങ്ങാൻ ദൈവം വിടില്ല. കാരണം കരക്കാരു മുഴുവൻ ചില നാൾ കഴിയുമ്പോഴേയ്ക്കും നിന്റെ കണ്ണിൽ മുമ്പിൽ ദൈവീക ന്യായവിധിയാൽ നശിക്കാൻ പോകുന്നു. കൃപലഭിച്ച നീ കിടന്നുറങ്ങാനുള്ളവനല്ല. പിന്നെയോ ചുറ്റുമുള്ള കൂട്ടുകാരെയും കൂടപ്പിറപ്പിനെയും രക്ഷിക്കുവാൻ ദൈവീക കൽപ്പന അനുസരിക്കുക. ചുറ്റും കിടന്നുറങ്ങുന്നവരെ തീ വന്ന് നക്കിതുടയ്ക്കും മുമ്പ് അവർ ക്രിസ്തുവാകുന്ന പെട്ടകത്തിൽ കടന്ന് രക്ഷപ്പെടുവാൻ പ്രയത്നിക്കാം.

ദൈവീക ന്യായവിധിയുടെ ദണ്ഡനം മുഴുശക്തിയോടെ ഏറ്റുവാങ്ങിയ രണ്ട് പട്ടണമായിരുന്നു സോദോമും ഗോമോറയും. സത്യത്തിൽ തീ നാളം ആ പട്ടണത്തെ നക്കിതുടയ്ക്കും മുമ്പ് ഒരു കുടുംബം ആ തീച്ചൂട് തട്ടാതെ അടുത്തു കണ്ട പർവ്വതത്തിലേക്ക് ഓടിക്കയറുന്നു. ലോത്തും കുടുംബവും പാപം ചെയ്ത സോദോമ്യരുടെ നടുവിൽ. വിശുദ്ധിക്ക് വില കൊടുത്തതുകൊണ്ടല്ല തീ തൊടാതെ തിരിഞ്ഞുനോക്കാതെ തടി രക്ഷിക്കാൻ കഴിഞ്ഞത്. തീയിൽ നിന്നും രക്ഷപ്പെട്ടിട്ടും ദൂതന്റെ വാക്ക് പൂർണ്ണമായി അനുസരിക്കാതിരുന്ന ലോത്തിന്റെ ഭാര്യ ചാവുകടൽ തീരത്ത് ഇന്നും ന്യായവിധിയുടെ തൂണായി ഉപ്പുരസം സമ്മാനിക്കുന്നു (ഉൽപ്പ. 19:26). ഉപ്പുതൂണാകുന്നതിന് മുമ്പ് ഇവരുടെ രക്ഷയ്ക്ക് തുണായിവന്നത് സഹോദരനായ അബ്രഹാം ആയിരുന്നു. പാപത്തോട് അനുരഞ്ജനം ഇല്ലാത്ത ദൈവം സത്യത്തിൽ ന്യായവിധിയുടെ തീബോംബ് ഈ പട്ടണത്തിലും തുടരെ വലിച്ചെറിഞ്ഞു. ഇടുവിൽനിന്ന് പ്രാർത്ഥിക്കാൻ അബ്രഹാം തുനിഞ്ഞപ്പോൾ തലനാര് ഇഴയ്ക്കാണ് സ്വന്തം സഹോദരനും കുടുംബവും രക്ഷപ്പെട്ട് ഓടിയത്. ന്യായവിധിയുടെ തീ ഇനി ഭൂമിയെ മൂടുമുമ്പ് ചിലരെക്കൂടി രക്ഷിക്കാൻ ദൈവം തിരഞ്ഞെടുത്ത പുതിയനിയമ വിശുദ്ധന്മാർ യത്നിക്കണം. കാലം തികയാറായി ന്യായവിധിയുടെ കരം ഭൂമിയിൽ മൂടാൻ പോകുന്നു. സുവിശേഷ വാഹകരുടെ കാലിന് ഇനി വിശ്രമമില്ല. ഭൂമിയുടെ അറ്റംവരെയും കത്തുന്ന തീച്ചുള ഇറങ്ങിവരും. അതുകൊണ്ട് ഭൂമിയുടെ അറ്റത്തോളം പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണം. സ്വത്തിലും സ്വരൂപിച്ചതിലും തിരിഞ്ഞുനോക്കാതെ ഓടുന്ന ഒരു തലമുറയായി നാം തീരണം. പ്രാർത്ഥനാ മുറിയിൽ ഭക്തന്റെ പ്രാണന് ചൂടു പിടിക്കട്ടെ. നശിക്കുന്ന ലോകത്തെ ഓർത്ത് ഇടുവിൽനിൽക്കാൻ നാം തയ്യാറായാൽ തീഗോളം മൂടുംമുമ്പ് ഈ ഭൂഗോളത്തെ നമുക്ക് രക്ഷിക്കാം. ആരും നശിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. "യഹോവയുടെ നാളിൽ യുദ്ധത്തിൽ ഉറച്ച് നിൽക്കേണ്ടതിന് നിങ്ങൾ ഇടിവുകളിൽ കയറിട്ടില്ല. യിസ്രായേൽ ഗൃഹത്തിന് വേണ്ടി മതിൽ കെട്ടിട്ടുമില്ല" (യെഹ. 13:5). ന്യായവിധിയുടെ തീ നാളം ഭൂമിയെ മൂടും മുമ്പ് ചില സഹോദര കുടുംബത്തെ പുറത്തുകൊണ്ടുവരുവാൻ പുതിയനിയമ ഭക്തന്റെ പ്രാർത്ഥനയ്ക്ക് പ്രാപ്തിയുണ്ട്.

## പിസിഐ ഹൈറേഞ്ച് മേഖലാ കൺവൻഷൻ

**അടിമാലി :** പിസിഐ ഹൈറേഞ്ച് മേഖലാ കൺവൻഷൻ മെയ് 7–9 വരെ അടിമാലി പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്നു. ജനറൽ സെക്രട്ടറി റവ. ജെ. ജോസഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, കെ. ജെ. മാത്യു(പുനലൂർ), സണ്ണി കുര്യൻ(വാളകം) എന്നിവർ പ്രസംഗിച്ചു. വെള്ളിയാഴ്ച രാവിലെ 9.30–നു നടന്ന ഫാമിലി കോൺഫ്രൻസിൽ ഡോ. ഐസക് വി.മാത്യു ക്ലാസ്സെടുത്തു. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് സംയുക്ത ആരാധനയും കർത്തൃമേശയും നടന്നു. ഇമ്മാനുവേൽ വോയ്സ് കോട്ടയം ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ എഡ്വിൻ ജോസ് ജനറൽ കൺവീനറായി പ്രവർത്തിച്ചു. നാഷണൽ സെക്രട്ടറി ഗ്ലാഡ്സൺ, ജനറൽ കൗൺസിൽ അംഗം, പി.ജി. ജോർജ്ജ് എന്നിവർ പങ്കെടുത്തു. അടിമാലിയിലും പരിസരങ്ങളിലുമായി പിസിഐയുടെ 15 യുണിറ്റുകൾ ഈ മേഖലയിലുണ്ട്.


# ഹൃദ്രോഗ പരിഹാരം ആയൂർവേദ ഒറ്റമൂലിയിലൂടെ



തനിമയാർന്ന ആയൂർവേദത്തിന്റെ നന്മ ഒട്ടും ചോർന്നുപോകാതെ ഹാർട്ട് അറ്റാക്കിനെ പ്രതിരോധിക്കുന്ന പച്ചമരുന്ന് (ഒറ്റമൂലി) ചികത്സയുമായി ഒരു യുവവൈദ്യൻ. കേരളത്തിന്റെ വടക്കൻ ജില്ലയായ കണ്ണൂരിലെ പയ്യന്നൂരിൽ കണ്ടോത്തുള്ള തന്റെ വീടിനോട് ചേർന്ന് പ്രവർത്തിക്കുന്ന നവജീവൻ ജ്യോതി ആയൂർവേദ ഗൃഹ വൈദ്യശാലയിൽ ശ്രി. കെ.എം. ബിനോയി വൈദ്യരും കുടുംബവുമാണ് രോഗിക്കൾക്ക് സ്വാന്തനമായി മാറിക്കോണ്ടിരിക്കുന്നത്. അനേകർക്ക് ആശ്വാസമായിക്കൊണ്ടിരിക്കുന്ന ഈ യുവ വൈദ്യൻ ഏഴിമല അസംബ്ലിസ് ഓഫ് ഗോഡ് സഭാ മെമ്പറും നിലമ്പൂർ (പാലാങ്കര) സ്വദേശിയുമാണ്. അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക, "മനുഷ്യ ശരീരത്തിന്റെ പരമപ്രധാനമായ ഒരു അവയവമാണ് ഹൃദയം. ഹൃദയത്തിനു വരുന്ന പ്രധാനപ്പെട്ട തകരാറുകളിലൊന്നാണ് ഹാർട്ട് അറ്റാക്ക്. ഇന്നു നമ്മുടെ ഇടയിലെ വലിയ ഒരു വിഭാഗം ആളുകളും ജീവിതശൈലീ രോഗത്തിന്റെ പിടിയിലാണ് എന്നതാണ് അതിന് കാരണം. ഹൃദയത്തിന് രക്തമെത്തിക്കുന്ന രക്തക്കുഴലുകളിൽ കൊഴുപ്പം മറ്റും അടിഞ്ഞുകൂടി ഹൃദയപേശിക്കൾക്ക് ആവശ്യമായ രക്തം എത്തിക്കാൻ കഴിയാതെ വരുമ്പോൾ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ താളം തെറ്റുന്നു. ഇതിനു പ്രധാനമായ കാരണങ്ങളാക്കുന്നത് ജീവിതശൈലിയിലുണ്ടാക്കുന്ന മാറ്റങ്ങളാണ്. അതോടൊപ്പം അമിത മദ്യപാനവും പുകവലിയും തെറ്റായ ഭക്ഷണക്രമവും രോഗവളർച്ചയുടെ തീവ്രത വർദ്ധിപ്പിക്കുന്നു. പ്രതിരോധ ശക്തി കുറയുന്നു. ജീവിത സമരങ്ങളിൽ ആരോഗ്യപരമായ ഭക്ഷണശീലങ്ങളും വ്യായാമങ്ങളും നമ്മൾ കൈ വിടുന്നു. ഇവിടെയാണ് നാം ആയൂർവേദത്തിന്റെ അനന്തസാധ്യതകൾ തിരിച്ചറിയേണ്ടത്. ഹാർട്ട് അറ്റാക്ക് ഒരു മാറാരോഗമല്ല അതിന് ആയൂർവേദത്തിൽ ഏറ്റവും നല്ല ചികത്സ ഇന്ന് ലഭ്യമാണ്".

ഇത്തരത്തിലുള്ള നൂറുകണക്കിനാളുകൾക്ക് ഒരു ശാശ്വത പരിഹാരം ആയൂർവേദത്തിലൂടെ സാധ്യമാകുമെന്ന് അനുഭവങ്ങളിലൂടെ തെളിയിച്ചിരിക്കുകയാണ് ഇദ്ദേഹം. പാരമ്പര്യ ഒറ്റമൂലി ചികത്സാ ക്രമങ്ങളും നൂതന വൈദ്യശാസ്ത്ര സമീപനങ്ങളും സംയോജിപ്പിച്ച് പാർശ്വഫലങ്ങളില്ലാതെ തികച്ചും ആയൂർവേദ വിധി പ്രകാരം പച്ചമരുന്നുകളും ലളിതമായ വ്യായാമങ്ങളും മാത്രം നല്കിയാണ് പഴകിയതും മാരകവുമായ ഹൃദ്രോഗങ്ങൾ ചികത്സിച്ചു ഭേദമാക്കുന്നത്. ഹൃദയധമനികളിൽ (കൊറോണറി ബ്ലോക്ക്) അടിഞ്ഞുകൂടിയ ബ്ലോക്കിനെ പച്ചമരുന്നുകളുപയോഗിച്ച് മാറ്റിയെടുക്കുന്നു. തന്മൂലം രോഗ തീവ്രത ഭേദമാകുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

പ്രമേഹരോഗികൾക്ക് നിലച്ചുപോകുന്ന പാൻക്രിയാസിന്റെ പ്രവർത്തനത്തെ (ഇൻസുലിൻ ഉല്പാദനം) ത്വരിതപ്പെടുത്തി മറ്റുമരുന്നുകൾ കൂടാതെതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും സന്തോഷകരമായി ജീവിക്കാനും സാധ്യമാക്കുന്നു.

യാതൊരുവിധ പാർശ്വഫലങ്ങളോ രോഗികൾക്ക് ഭീമമായ പണച്ചെലവോ കൂടാതെ തികച്ചും ഗൃഹാന്തരീക്ഷത്തിലുള്ള ചികിത്സാരീതിയാണ് ബിനോയ് വൈദ്യർ അവലംബിക്കുന്നത്. പ്രകൃതിദത്തമായ ചേരുവകൾ മാത്രം ഉപയോഗിച്ച് സ്വന്തമായി മരുന്നുകൾ തയ്യാറാക്കി വരുന്നു. കൂടാതെ പഴകിയതും വിട്ടുമാറാത്തതുമായ സോറിയാസിസ്, ഡിസ്കു തകരാറുകൾ, മൈഗ്രേൻ, താരൻ, പൈൽസ്, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്കും ഫലപ്രദമായ പച്ചമരുന്ന് ചികത്സകൾ നല്കിവരുന്നു.

വിലാസം

നവജീവൻജ്യോതി ആയൂർവേദ ഗൃഹവൈദ്യശാല,
ഇൻഡസ് മാരുതി ഷോറും ബിൽഡിംഗ്, കണ്ടോത്ത് പി. ഒ, പയ്യന്നൂർ, കണ്ണൂർ ജില്ല.

ശ്രീ കെ.എം. ബിനോയി വൈദ്യരെ വിളിക്കേണ്ട നമ്പർ: 09048712570, 09400566214.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 11
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
10/06/2014




## ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ബാംഗ്ലൂർ, കർണ്ണാടക

### ഏബനേസർ ഡിഗ്രി കോളേജ്
ബി. കോം, ബി ബി എം, ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ അഡ്മിഷൻ ആരംഭിക്കുന്നു

### ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

എബനേസർ പബ്ലിക് സ്കൂൾ
L.K.G. to 10th ICSE Syllabus, നൂറുശതമാനം വിജയം , 5 -ാം ക്ലാസ്സു മുതൽ ബോർഡിംഗ് സൗകര്യം ലഭ്യമാണ്
ബി.എസ്.സി. നേഴ്സിംഗ് കാലാവധി - 4 വർഷം / യോഗ്യത - 10 +2/ 45% സയൻസ് ഗ്രൂപ്പ് / ജി. എൻ.എം. കാലാവധി - 3 വർഷം / യോഗ്യത - 10 +2/ 40%
മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

Brisbane North
INSTITUTE OF TAFE
▶ Diploma in Hospitality (Australian Degree)
Brisbane North Institute of TAFE - Queensland
Academic Requirements: Grade 12 (10+2) Minimum 50%
Intake: June
Course Details
Duration: 12 Months, Full Time
Eben-Ezer Campus Banglore
Outcome
BNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

The Administrator
Eben-Ezer Institutions, No. 19, Ebenezer Nagar,
Kothanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909, 28445678, 09740157249,
09448476968, 09845890178, 09900002504

വിജയത്തിന്റെ പടവുകൾ താണ്ടുന്ന ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Web Site: www.ebenezerblr.org E -mail : ebenezerblr@yahoo.co.in

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.